2023
AUGUST
05
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ 2031ൽ 6.7 ലക്ഷം കോടിയാകും

**ന്യൂഡൽഹി:** ഏഴു വർഷത്തേക്ക് ശരാശരി 6.7 ശതമാനം വളർച്ച പരിപാലിച്ചാൽ ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ 2031ൽ 6.7 ലക്ഷം കോടിയിലേക്ക് എത്തുമെന്ന് എസ്ആൻഡ്പി ഗ്ലോബലിന്റെ റിപ്പോർട്ട്. നിലവിൽ ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ 3.4 ലക്ഷം കോടിയുടേതാണ്. 2022, 23ൽ വളർച്ച 7.2 ശതമാനമായിരുന്നു. എന്നാൽ ആഗോള സാഹചര്യവും റിസർവ് ബാങ്ക് പലിശ നിരക്ക് കൂട്ടുന്നതും മൂലം ഈ വർഷം വളർച്ച 6 ശതമാനമായിരിക്കുമെന്നു റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ചരക്കുസേവന നികുതി അടക്കമുള്ളവയുടെ പരിഷ്കാരങ്ങളിലൂടെ ഇന്ത്യക്കു നേട്ടമുണ്ടാകും. റിപ്പോർട്ട് പറയുന്നു.

## ഫാക്ട് ഉത്തരേന്ത്യൻ വിപണിയിലേക്ക്

**കൊച്ചി:**ഫാക്ടംഫോസും മറ്റ് രാസവളങ്ങളും ഉൽപാദിപ്പിക്കാനുള്ള അമ്പലമേട്ടിലെ പുതിയ പ്ലാന്റ് അടുത്ത ജൂലൈയിൽ യാഥാർഥ്യമാവുമ്പോഴേക്ക് ഫാക്ട് ഉത്തരേന്ത്യൻ വിപണിയിലേക്ക് പ്രവേശിക്കാനൊരുങ്ങുകയാണെന്ന് സിഎംഡി കിഷോർ




രുങ്ട. ബംഗാൾ, ബിഹാർ, ഒ!ഡിഷ, മഹാരാഷ്ട്ര വിപണികളാണ് ലക്ഷ്യം. പുതിയ പ്ലാന്റിൽ 28 തരം രാസവളങ്ങൾ ഉൽപാദിപ്പിക്കാൻ കഴിയും.

ഏതൊക്കെ വേണമെന്ന് വിപണി ആവശ്യം അനുസരിച്ചു തീരുമാനിക്കും. നിലവിൽ 6300 കോടിയാണ് ഫാക്ടിന്റെ വാർഷിക വിറ്റുവരവ്. പുതിയ പ്ലാന്റിന്റെ ഉത്പാദനവും ചേരുന്നതോടെ 8000 കോടിയായി ഉയരും. എല്ലാവർഷവും ഇരുന്നൂറോളം പേർ വിരമിക്കുന്നതിനു പകരം അത്രയും പേരെ റിക്രൂട്ട് ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# നിക്ഷേപകർക്ക് നേട്ടമുണ്ടാക്കി സൊമാറ്റോ ഓഹരികൾ

**ന്യൂഡൽഹി:** വെള്ളിയാഴ്ച (ഓഗസ്റ്റ് 4) ആദ്യഘട്ട വ്യാപാരത്തിൽ നേട്ടമുണ്ടാക്കി സൊമാറ്റോ ഓഹരികൾ. ഓഹരി വിപണിയിൽ ലിസ്റ്റു ചെയ്തതിനു ശേഷം ആദ്യമായാണ് ഒരു സാമ്പത്തിക പാദത്തിൽ സൊമാറ്റോ ലാഭം റിപ്പോർട്ട് ചെയ്യുന്നത്. 2023, 24 വർഷത്തെ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ആദ്യ പാദത്തിൽ 2 കോടിയാണ് കമ്പനിയുടെ ലാഭം. വാർത്തയെ തുടർന്ന് നിക്ഷേപക ശ്രദ്ധ പിടിച്ചുപറ്റിയ ഓഹരി രാവിലത്തെ വ്യാപാരത്തിനിടെ 14.11 ശതമാനം വരെ നേട്ടമുണ്ടാക്കി. ഇതോടെ ഒരു ഓഹരി വില മുന്നേറി 52 ആഴ്ചയിലെ ഉയർന്ന നിരക്കായ 98.39 രൂപയിലെത്തി. എൻഎസ്ഇയിൽ 13.69 ശതമാനം ഉയർന്ന് ഒരു ഓഹരിയുടെ വില 98.4 രൂപയിലും വ്യാപാരം നടന്നു.




കണക്കുകൾ പ്രകാരം ബിഎസ്ഇയിൽ ഇതുവരെ 70 ലക്ഷത്തിലധികം ഓഹരികൾ കൈമാറി. നാഷനൽ സ്റ്റോക് എകസ്ചേഞ്ചിൽ ഇത് 19 കോടിയിലേറെ വരും. ആകെ കടം 186 കോടി രൂപയാണെങ്കിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം വർധിച്ചു. 1414 കോടി രൂപയിൽ നിന്ന് ഇത്തവണ വരുമാനം 2416 കോടി രൂപയിലേക്കുമെത്തി.

മാർക്കറ്റ് അവസാനിക്കാറായതോടെ 10 ശതമാനം മുന്നേറ്റത്തിലാണ് ഓഹരി. 3 മണിയോടെ എൻഎസ്ഇയിൽ 95.4 രൂപയാണ് ഒരു ഓഹരി വില. കഴിഞ്ഞ ഒരു മാസത്തിനിടെ 27.61 ശതമാനം റിട്ടേൺ നിക്ഷേപകർക്ക് നൽകിയ ഓഹരി ഈ വർഷം ഇതുവരെ 60.96 ശതമാനം നേട്ടമുണ്ടാക്കി.

## സേവന മേഖലയിൽ വളർച്ച

**ന്യൂഡൽഹി:** രാജ്യത്തെ സേവന മേഖലയിലെ വളർച്ച 13 വർഷത്തിനിടയിലെ ഉയർന്ന നിലയിൽ. എസ്ആൻഡ്പി ഗ്ലോബൽ ഇന്ത്യ സർവീസസ് പർച്ചേസിങ് മാനേജേഴ്സ് സൂചിക ജൂലൈയിൽ 62.3 ശതമാനത്തിലെത്തി. ജൂണിൽ 58.5 ശതമാനമായിരുന്നു. തുടർച്ചയായ 24ാം മാസമായി സൂചിക 50 മുകളിൽ തുടരുന്നത് വളർച്ചാ ലക്ഷണമാണ്.

## സാംഗി ഇൻഡസ്ട്രീസ് ഓഹരി സ്വന്തമാക്കി അദാനി

**ന്യൂഡൽഹി:** സിമന്റ് നിർമാതാക്കളായ സാംഗി ഇൻഡസ്ട്രീസിന്റെ ഭൂരിപക്ഷ ഓഹരി ഏറ്റെടുത്ത് അദാനി ഗ്രൂപ്പിന്റെ അംബുജ സിമന്റ്. 5,000 കോടി രൂപയുടേതാണ് ഇടപാട്. സാംഗിയുടെ പ്രമോട്ടർമാരായ രവി സാംഗി കുടുംബത്തിന്റെ പക്കൽനിന്ന് 56.74 ശതമാനം ഓഹരിയാണ് സ്വന്തമാക്കിയത്. ഹിൻഡൻബർഗ് വിവാദത്തിനു ശേഷം അദാനി ഗ്രൂപ്പ് നടത്തുന്ന



ആദ്യത്തെ വലിയ വ്യവസായ ഇടപാടാണിത്. സിമന്റ് വിപണിയിലെ രണ്ടാമന്മാരായ അദാനി സിമന്റിന് ഉൽപാദനം പ്രതിവർഷം 73.6 മില്യൺ ടൺ ആയി ഉയർത്താൻ ഈ ഇടപാട് സഹായിക്കും. നിലവിൽ 67.5 മില്യൺ ടൺ ആണ്. സിമന്റ് വിപണിയിൽ ഒന്നാമത് അൾട്രാടെക്കാണ്.

## എഐ ഡോട് കോം സ്വന്തമാക്കി മസ്ക്

ഇന്റർനെറ്റിലെ ഏറ്റവും വിലപിടിപ്പുള്ള ഡൊമെയ്നുകളിലൊന്നായ എഐ ഡോട് കോം സ്വന്തമാക്കി ഇലോൺ മസ്ക്.

1993ൽ റജിസ്റ്റർ ചെയ്യപ്പെട്ടെങ്കിലും പല തവണ കൈമറിഞ്ഞ രണ്ടക്ഷര ഡൊമെയ്ൻ ഓപൺ എഐയിൽ നിന്നാണ് മസ്ക് വാങ്ങിയത്. നിലവിൽ എഐ ഡോട് കോം വിലാസം ടൈപ്പ് ചെയ്താൽ മസ്കിന്റെ എഐ കമ്പനിയായ എക്സ് എഐയുടെ വെബ്സൈറ്റിലാണ് എത്തുക.

ഈ വർഷം ആദ്യം മുതൽ എഐ ഡോട് കോം എന്ന ഡൊമെയ്ൻ ചാറ്റ്ജിപിടി വെബ്സൈറ്റിലേക്കുള്ള വഴികാട്ടിയായിരുന്നു. എന്നാൽ, അതേ ഡൊമെയ്ൻ ഇപ്പോൾ എക്സ് എഐയിലേക്കു സന്ദർശകരെ വഴിതിരിച്ചുവിടുകയാണ്.



# വാക്സിൻ, പ്രതിരോധ കുത്തിവെപ്പ് ഊർജിതപ്പെടുത്താൻ മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0

**തിരുവനന്തപുരം:** മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 സംസ്ഥാനത്തെ മറ്റൊരു സുപ്രധാന കാമ്പയിനാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഏതെങ്കിലും കാരണത്താൽ വാക്സിൻ എടുക്കാത്തതോ ഭാഗികമായി മാത്രം എടുത്തതോ ആയ കുട്ടികൾക്കും ഗർഭിണികൾക്കും വാക്സിൻ നൽകാനും കോവിഡ് മൂലം പ്രതിരോധ കുത്തിവെപ്പ് പരിപാടിയിൽ ഉണ്ടായ കുറവ് നികത്താനുമാണ് ഈ വർഷം മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 നടപ്പാക്കുന്നത്.

കുട്ടികളും ഗർഭിണികളും പൂർണമായി വാക്സിൻ എടുക്കാത്തതുമൂലം ഒരു പ്രദേശത്ത് ഉണ്ടാകാൻ സാധ്യതയുള്ള രോഗാതുരതയും മരണവും കുറയ്ക്കുന്നതിനായി ഈ തീവ്രയജ്ഞ പരിപാടി എല്ലാ ജില്ലകളിലും നടപ്പാക്കുന്നു. ഇതിനായി എല്ലാവരുടേയും പിന്തുണയും മന്ത്രി അഭ്യർഥിച്ചു.

തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 മീഡിയ ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മൂന്ന് ഘട്ടങ്ങളിലായാണ് മിഷൻ ഇന്ദ്രധനുഷ് 5.0 നടത്തുന്നത്. ഒന്നാം ഘട്ടം ഓഗസ്റ്റ് 7 മുതൽ 12 വരെയും രണ്ടാം ഘട്ടം സെപ്റ്റംബർ 11 മുതൽ 16 വരെയും മൂന്നാം ഘട്ടം ഒക്ടോബർ 9 മുതൽ 14 വരേയുമാണ്. ഓരോ ഘട്ടത്തിലും സാധാരണ വാക്സിനേഷൻ നൽകുന്ന ദിവസങ്ങൾ ഉൾപ്പെടെ ആറ് ദിവസങ്ങളിലാണ് പരിപാടി നടത്തുന്നത്. ഞായറാഴ്ചയും പൊതു അവധി ദിവസങ്ങളും ഒഴിവാക്കിയിട്ടുണ്ട്. രാവിലെ 9 മുതൽ വൈകിട്ട് 4 വരെയാണ് സമയക്രമം.

കേരളത്തിലെ എല്ലാ ജില്ലകളിലും മിഷൻ ഇന്ദ്രധനുഷ് 5.0 നടപ്പാക്കുന്നുണ്ടെങ്കിലും തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ കൂടുതൽ പ്രാമുഖ്യം നൽകും.

പ്രായാനുസൃതമായ ഡോസുകൾ എടുക്കാൻ വിട്ടുപോയ 023 മാസം പ്രായമുള്ള കുട്ടികളെയും എം.ആർ 1, എം.ആർ.2, ഡി.പി.റ്റി ബൂസ്റ്റർ, ഒപിവി ബൂസ്റ്റർ ഡോസുകൾ എന്നിവ ദേശീയ വാക്സിനേഷൻ പട്ടിക പ്രകാരം എടുക്കാൻ വിട്ടുപോയ 2 മുതൽ 5 വയസ് വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പൂർണമായോ ഭാഗികമായോ വാക്സിൻ ദേശീയ വാക്സിനേഷൻ പട്ടിക പ്രകാരം എടുക്കാത്ത ഗർഭിണികൾക്കുമാണ് ഈ പരിപാടിയിലൂടെ വാക്സിൻ നൽകുന്നത്.

സംസ്ഥാനത്ത് 18,744 ഗർഭിണികളെയും 2 വയസ് വരെയുള്ള 61,752 കുട്ടികളെയും 2 മുതൽ 5 വയസ് വരെയുള്ള 54,837 കുട്ടികളെയുമാണ് (ആകെ 1,16,589 കുട്ടികൾ) വാക്സിൻ നൽകാനായി കണ്ടെത്തിയിട്ടുള്ളത്. സർക്കാർ ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിലും ഗുണഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യപ്രദമായ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും വച്ച് വാക്സിനേഷൻ നൽകും. കൂടാതെ എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ മൊബൈൽ ടീമിന്റെ സഹായത്തോടെ വാക്സിനേഷൻ നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആകെ 10,086 സെഷനുകൾ പ്ലാൻ ചെയ്തതിൽ 289 എണ്ണം മൊബൈൽ സെഷനുകളാണ്. പരിശീലനം ലഭിച്ച 4171 ജെ.പി.എച്ച്. എൻമാരാണ് വാക്സിൻ നൽകുന്നത്. മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 സംസ്ഥാനതല ഉദ്ഘാടനം ഓഗസ്റ്റ് 7ന് തിരുവനന്തപുരം പൂന്തുറ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ മന്ത്രി വീണാ ജോർജ് നിർവഹിക്കും.

ചടങ്ങിൽ യുനിസെഫ് കേരള, തമിഴ്നാട് ഫീൽഡ് ഓഫീസ് ചീഫ് കെ.എൽ. റാവു, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. വി. മീനാക്ഷി എന്നിവർ സംസാരിച്ചു.

യൂണിസെഫ് ഹെൽത്ത് സ്പെഷ്യലിസ്റ്റ് ഡോ. കൗശിക് ഗാംഗുലി, കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ് ദിവ്യ ശ്യാംസുധീർ ബണ്ടി, ഡബ്ല്യു.എച്ച്.ഒ. സർവയലൻസ് മെഡിക്കൽ ഓഫീസർ ഡോ. സി. പ്രതാപ ചന്ദ്രൻ, അഡീഷണൽ ഡയറക്ടർ ഡോ. വി. മീനാക്ഷി, എസ്.എ.ടി. ആശുപത്രി അസി. പ്രൊഫസർ ഡോ. പ്രിയ ശ്രീനിവാസൻ, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ കെ.എൻ. അജയ് എന്നിവർ വിവിധ വിഷയങ്ങൾ സംബന്ധിച്ച് സംസാരിച്ചു.

## ദേശീയപാത വികസനത്തിന് കൂറ്റൻ ജലസംഭരണി പൊളിച്ചു

**കായംകുളം:** കല്ലുംമൂട് ജംക്ഷനിൽ സ്ഥിതി ചെയ്തിരുന്ന കൂറ്റൻ ജലസംഭരണി ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റി. നാലരലക്ഷം ലീറ്റർ സംഭരണ ശേഷിയുണ്ടായിരുന്ന, ജല അതോറിറ്റിയുടെ സംഭരണിയാണ് പൊളിച്ചത്. 50 വർഷം മുൻപ് നിർമിച്ച സംഭരണിയാണിത്. ദേശീയപാതയുടെ നിർമാണത്തിന്റെ കരാറുകാരായ വിശ്വസമുദ്രയുടെ എൻജിനീയറിങ് വിഭാഗമാണ് സംഭരണി പൊളിച്ചത്. സംഭരണിയോട് ചേർന്ന് തൊട്ടുതാഴെയുള്ള 8 തൂണുകളിലെ കോൺക്രീറ്റ് പാളി യന്ത്രമുപയോഗിച്ച് അടർത്തി മാറ്റിയതോടെ തെളിഞ്ഞുവന്ന കമ്പികൾ സ്റ്റീൽ വടം കെട്ടി ക്രെയിൻ ഉപയോഗിച്ച് വളച്ചു. ഇതോടെ സംഭരണി നിലംപൊത്തുകയായിരുന്നു.

വാട്ടർടാങ്ക് നിലനിന്ന ഭൂമിയിലേക്ക് തന്നെ വീണതിനാൽ പരിസരത്തെ വീടുകളും കടകളുമെല്ലാം സുരക്ഷിതമായിരുന്നു. വിശ്വസമുദ്രയുടെ സുരക്ഷാ മാനേജർ ശ്രീജു, സുരക്ഷാ ഓഫിസർമാരായ രെജിൻ രവീന്ദ്രൻ, അജയ്, രവി എന്നിവരുടെ നേതൃത്വത്തിലാണ് പൊളിച്ച് മാറ്റൽ ജോലികൾ നടന്നത്. സുരക്ഷാ മേൽനോട്ടത്തിന് പൊലീസും അഗ്നിശമന സേനാവിഭാഗവും എത്തിയിരുന്നു. ഒരു മാസം മുൻപ് തന്നെ സംഭരണിയുടെ പ്രവർത്തനം ജല അതോറിറ്റി അവസാനിപ്പിച്ചിരുന്നു.

## ജാഗ്രത സമിതി ഏകദിന പരിശീലന പരിപാടിസംഘടിപ്പിച്ചു

**പത്തനംതിട്ട:** ജില്ലാ വനിതാ ശിശു വകുപ്പിന്റെ നേതൃത്വത്തിൽ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തും പുളിക്കീഴ് ഐസിഡിഎസ് പ്രോജക്ടും പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ജാഗ്രത സമിതി ഏകദിന പരിശീലന പരിപാടി ജില്ലാപഞ്ചായത്ത് അംഗം ലതാകുമാരി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് 202324 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പരിശീലന പരിപാടിയുടെ നടത്തിയത്. പുളിക്കീഴ് ബ്ലോക് പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രലേഖ അധ്യക്ഷത വഹിച്ചു. ജില്ലാതല ആസൂത്രണസമിതി അംഗം രമാ ദേവി, ട്രാൻസ്ജെൻഡർ ആക്റ്റീവിസ്റ്റുകളായ നക്ഷത്ര. വി. കുറുപ്പ്, നിരുപമ നിരഞ്ജൻ എന്നിവർ ബോധവത്കരണ ക്ലാസ് നയിച്ചു. പഞ്ചായത്തുകളിലെ ജാഗ്രത സമിതി പ്രവർത്തനം സംബന്ധിച്ച് അവലോകനം ജില്ലാതല കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ ഡോ. അമല നടത്തി. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനിൽ കുമാർ, വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മറിയാമ്മ എബ്രഹാം, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സി.കെ അനു, ബ്ലോക്ക് അംഗം ജിനു തോമ്പുംകുഴി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ പ്രസന്ന കുമാരി, മാത്തൻ ജോസഫ്, കെ.ജി സഞ്ജു, നിരണം പഞ്ചായത്ത് വൈസ് പ്രസിഡന്റ് അന്നമ്മ ജോർജ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ വനിതാ ശിശു വികസന സമിതി ഓഫീസർ, പുളിക്കീഴ് സി ഡി പി ഒ ഡോ. പ്രീത കുമാരി, ഐ. സി. ഡി. എസ് സൂപ്പർവൈസർ ഡോ. സിനു. ഐ. പോൾ, മറ്റു ജാഗ്രത സമിതി അംഗങ്ങൾ, വാർഡ്തല ജാഗ്രത സമിതി കൺവീനർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവർ പങ്കെടുത്തു.



## ഓണത്തെ വരവേൽക്കാൻ ബന്ദിപ്പൂ കൃഷിയുമായി തൊഴിലുറപ്പ് തൊഴിലാളികൾ

**തിരുവാർപ്പ്:** ബന്ദിപ്പൂ വിളവെടുത്ത് ഓണത്തെ വരവേൽക്കാനൊരുങ്ങുകയാണ് പഞ്ചായത്തിലെ 15ാം വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികൾ. 6 അംഗങ്ങളുള്ള സംഘത്തിന്റെ പ്രയത്നത്തിന്റെ ഫലമായാണ് 20 സെന്റിൽ നിറഞ്ഞുനിൽക്കുന്ന മഞ്ഞയും ഓറഞ്ചും നിറങ്ങളിലുള്ള ബന്ദിപ്പൂക്കൾ. ഓണത്തിന് ഒരു കുട്ട പൂവ് എന്ന പദ്ധതിയുടെ ഭാഗമായാണ് തിരുവാർപ്പ് ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ കുളത്തിനു സമീപത്തുള്ള ജലജ, സുജാത എന്നിവരുടെ 10 സെന്റ് വീതമുള്ള 2 പറമ്പുകളിലായി കൃഷി നടക്കുന്നത്. സൗമ്യ ഷാജി, ജലജമ്മ, സുമോൾ ആനന്ദൻ, ബിജി അജയൻ, ബിജി ജോൺസൻ, സതി ബിജു എന്നിവർ ചേർന്നാണ് കൃഷി ചെയ്യുന്നത്.

തിരുവാർപ്പ് കൃഷി ഓഫിസിൽ നിന്ന് ലഭിച്ച ഒരുമാസം പ്രായമുള്ള 2000 തോളം തൈകളാണ് ഇവർ ഉപയോഗിച്ചത്. കഴിഞ്ഞ വർഷമാണ് പദ്ധതി വഴി കൃഷി ആരംഭിച്ചതെങ്കിലും നിലമൊരുക്കുന്നതിനായും മറ്റും നല്ല ചെലവ് വന്നതിനാൽ മുടക്കു മുതൽ മാത്രമേ തിരികെ ലഭിച്ചുള്ളു. അതിനാൽ ഇത്തവണ മികച്ച ലാഭം പ്രതീക്ഷിക്കുന്നു.

പൂക്കൃഷി നടക്കുന്നതറിഞ്ഞ് ചിലർ സ്ഥലത്തെത്തി വാങ്ങുന്നുണ്ടെന്നും മികച്ച ഓർഡറുകൾ പ്രതീക്ഷിക്കുന്നതായും അവർ പറയുന്നു. പഞ്ചായത്ത് പ്രസിഡന്റ് അജയൻ കെ.മേനോൻ, വാർഡ് മെമ്പർ കെ.ബി.ശിവദാസ്, പഞ്ചായത്ത് തൊഴിലുറപ്പ് അധികൃതർ, കൃഷിവകുപ്പ് അധികൃതർ എന്നിവർ എല്ലാവിധ സഹായങ്ങളുമായി ഇവർക്കൊപ്പമുണ്ട്.



# കായ്കൾ പൊഴിഞ്ഞു പോകുന്നു റംബുട്ടാൻ പരിചരണത്തിൽ ചെയ്യേണ്ടത്

കായ് പിടിത്തത്തിന്റെ ആരംഭ ഘട്ടത്തിൽ കുറെയധികം കായ്കൾ പൊഴിയാറുണ്ട്. സ്വാഭാവികമായ ഈ പൊഴിച്ചിൽ കായ് പിടിത്തത്തിന്റെ 3 ഘട്ടങ്ങളിൽ കാണാം. അമിതമായി കായ്പിടിക്കുമ്പോൾ സ്വാഭാവികമായി കുറച്ചു കൊഴിയും. മരത്തിനു താങ്ങാവുന്നതിലേറെ ഭാരമായാലും കൊഴിയാം. ചില ഇനങ്ങൾക്കു കായ്പൊഴിച്ചിൽ കൂടും. പരാഗണത്തിലെ കുറവ്, ഈർപ്പത്തിന്റെ അഭാവം, പൊട്ടാസ്യത്തിന്റെ കുറവ്, രോഗബാധ എന്നിവ പൊഴിച്ചിൽ കൂട്ടാറുണ്ട്. ആൺമരം നിലനിർത്തി തോട്ടത്തിൽ പൂമ്പൊടി ലഭ്യത വർധിപ്പിച്ചും തേനീച്ചക്കൂടുകൾ വച്ചും പരാഗണം ഉറപ്പാക്കാം. ശരിയായ അളവിൽ നന, പുത, വളപ്രയോഗം എന്നിവ വഴി കായ് പൊഴിച്ചിൽ കുറയ്ക്കാം.

കായ് പിടിച്ചശേഷം അമിതമായി കൊഴിയുന്ന പ്രശ്നം ഈ വർഷം വ്യാപകമാണ്. നന്നായി മഴ പെയ്തശേഷം തൊട്ടുപിന്നാലെ വെയിൽ വരുമ്പോഴാണ് ഇതുണ്ടാവുക. ഫംഗസ് ആക്രമണവും സൂക്ഷ്മ മൂലകങ്ങളുടെ അപര്യാപ്തതയും കായ്പൊഴിച്ചിലിനു കാരണമാകാം. കായ് പൊഴിഞ്ഞു തുടങ്ങിയ ശേഷം കുമിൾനാശിനിയോ മറ്റോ പ്രയോഗിക്കുന്നതുകൊണ്ട് പ്രയോജനമുള്ളതായി കാണുന്നില്ല. എന്നാൽ മുൻകൂട്ടി കുമിൾനാശിനി തളിക്കുന്നത് പ്രയോജനപ്പെടുന്നതായി കണ്ടിട്ടുണ്ട്. വെറ്റബിൾ സൾഫർ (5 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ), പ്ലാനോഫിക്സ് (4 ലീറ്റർ വെള്ളത്തിൽ ഒരു മില്ലി), പൾവിക് ആസിഡ് (ഒരു ഗ്രാം ഒരു ലീറ്ററിൽ) എന്നിവയുടെ മിശ്രിതം തളിക്കുന്നത് ഒരു പരിധിവരെ ഫലപ്രദമാണ്. അമിതമായി കായ്പിടിക്കുമ്പോൾ സ്വാഭാവികമായി കുറെ പൊഴിയുന്നത് തടയാനാവില്ല. ശരിയായ പോഷണവും ഈ പ്രശ്നത്തിനു പരിഹാരമാണ്. ശാസ്ത്രീയമായ കമ്പുകോതലും ഇടയകലവും വഴി വായുസഞ്ചാരവും സൂര്യപ്രകാശലഭ്യതയും വർധിപ്പിക്കുന്നതു കായ്പൊഴിച്ചിൽ തടയും

# വില വർധനവിനെ പേടിക്കേണ്ട; വീട്ടിൽ തന്നെ തക്കാളി കൃഷി ചെയ്യാം



തക്കാളിയുടെ വില കുതിച്ചുയർന്നത് സാധാരണക്കാരുടെ ജീവിത ഭാരം വർധിപ്പിച്ചു. നിത്യജീവിതത്തിൽ പ്രധാന സ്ഥാനമുള്ള തക്കാളി വീട്ടിലെ അടുക്കള തോട്ടത്തിൽ കൃഷി ചെയ്യാവുന്ന ഒരു വിളയാണ്. ഇതിലൂടെ വിലവർധനയുടെ ആശങ്കകൾ നേരിടാനുമാവും. ചെടിച്ചട്ടികൾ, ചാക്കുകൾ, ഗ്രോബാഗുകൾ ഇതിലെല്ലാം തക്കാളി കൃഷി ചെയ്യാം. തക്കാളിക്ക് ആവശ്യ മൂലകങ്ങൾ ലഭിച്ചാൽ നല്ല വിളവ് കിട്ടുകയും ചെയ്യും. ഉരുളക്കിഴങ്ങ് കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ വിളയാണിത്. വിറ്റാമിൻ എ, സി, പൊട്ടാസ്യം, ധാതുക്കൾ എന്നിവയുടെ സമ്പന്നമായ ഉറവിടമാണ് തക്കാളി.

കളിമണ്ണ്, കറുത്ത മണ്ണ്, ശരിയായ നീർവാർച്ചയുള്ള ചുവന്ന മണ്ണ് എന്നിങ്ങനെ വിവിധതരം മണ്ണിൽ ഇത് വളർത്താം. നല്ല നീർവാർച്ചയുള്ള മണൽ നിറഞ്ഞ മണ്ണിൽ കൃഷി ചെയ്യുമ്പോൾ മികച്ച ഫലം നൽകുന്നു. നല്ല വളർച്ചയ്ക്ക് മണ്ണിന്റെ പി എച്ച് മൂല്യം 78.5 ആയിരിക്കണം. അസിഡിറ്റി കൂടുതലുള്ള മണ്ണിൽ കൃഷി ചെയ്യുന്നത് ഒഴിവാക്കുക. ചൂടുകാല വിളയാണ് തക്കാളി. നീണ്ട വരൾച്ചയും കനത്ത മഴയും വളർച്ചയെയും കായ്ക്കുന്നതിനെയും ദോഷകരമായി ബാധിക്കുന്നു. 2832ഡിഗ്രി ചൂടാണ് തക്കാളിക്ക് അനുകൂല താപനില. ആവശ്യത്തിന് സൂര്യ പ്രകാശം വേണം. മഴക്കാലത്ത് കൃഷി ചെയ്യുന്നവർക്ക് ഗ്രീൻ ഹൗസ് വിദ്യകൾ പരീക്ഷിക്കാവുന്നതാണ്.

ആദ്യം തക്കാളി വിത്തുകൾ പാകി മുളപ്പിക്കുക. പിന്നീട് വിത്തുകൾ ഒരു മണിക്കൂർ രണ്ടു ശതമാനം വീര്യം ഉള്ള സ്യൂഡോമോണാസ് ലായനിയിൽ മുക്കി വെക്കുന്നത് വളരെ നല്ലതാണ്. ഒരു മാസം പ്രായമായ തൈകൾ പറിച്ചു നടാം. (കൃഷി കേന്ദ്രങ്ങളിൽ നിന്ന് മുളപ്പിച്ച നല്ലയിനം തൈകൾ വാങ്ങാനും കിട്ടും.) നേരിട്ട് മണ്ണിൽ നടുമ്പോൾ മണ്ണ് നന്നായി കിളച്ചിളക്കുക. മണ്ണ് അമ്ലമാണെങ്കിൽ കുമ്മായം ആവശ്യമാണ്. ചാക്ക്, ഗ്രോബാഗ് ആണെങ്കിൽ മണ്ണ്, ചാണകപ്പൊടി, ചകിരിചോറ് ഇവ തുല്യ അളവിൽ ചേർത്ത് ഇളക്കി നടാം. ചെടി വളർന്നു വരുമ്പോൾ താങ്ങ് കൊടുക്കണം. സ്യൂഡോമോണാസ് ലായനി 10 ദിവസം അല്ലെങ്കിൽ രണ്ടാഴ്ച കൂടുമ്പോൾ ഒഴിച്ച് കൊടുക്കാൻ ശ്രദ്ധിക്കുക.

ഈർപ്പം തുല്യമായി നിലനിർത്തേണ്ടത് ആവശ്യമാണ്. രാസവളം ഒഴിവാക്കി ജൈവ വളങ്ങൾ തന്നെ നൽകുന്നതായിരിക്കും മികച്ചത്. ചാണകപ്പൊടി, വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി, കടല പിണ്ണാക്ക് എന്നിവ അടിവളമായി നൽകുക. നാലോ അഞ്ചോ ഇല വളർച്ചയായ തൈകൾ പറിച്ചു തടത്തിലോ, ഗ്രോബാഗിലോ നടാം. തൈകൾക്ക് താങ്ങ് നൽകാൻ ശ്രദ്ധിക്കുക. ഇലച്ചുരുൾ, വേരുചീയൽ, ഫലം ചീയൽ, പലവിധ കുമിളു രോഗങ്ങൾ, ബാക്ടീരിയൽ വാട്ടം എന്നിവയാണ് തക്കാളിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. വാട്ടം ഉള്ള ചെടികൾ വേരോടെ നശിപ്പിക്കുക.

# ഗുണങ്ങളിൽ മുന്നിൽ കോവൽ

മഴക്കാലത്ത് ഏറ്റവും അനുയോജ്യമായി കൃഷി ചെയ്യാവുന്നതും, മികച്ച വിളവ് ലഭിക്കുന്നതുമായ പച്ചക്കറിയാണ് കോവൽ. ഇതിലൂടെ അടുക്കളത്തോട്ടത്തിൽ വിഷമില്ലാത്ത ആരോഗ്യകരമായ പച്ചക്കറി ഉത്പാദിപ്പിക്കാനുമാവും. ഗുണത്തിലും മുൻപന്തിയിൽ തന്നെയാണ് കോവൽ. പിടിച്ചു കയറിക്കഴിഞ്ഞാൽ കാലങ്ങളോളം നിലനിൽക്കുമെന്നതും സവിശേഷതയാണ്. ഇടവേളകളിൽ കമ്പുകൾ മുറിച്ചു നിർത്തണം. പുതിയ തണ്ടുകൾ വന്നു അതിൽ വീണ്ടും കായ് പിടിക്കും. ഏതു കാലാവസ്ഥയിലും ചെയ്യാവുന്ന ആദായകരമായ കൃഷിയാണിത്.



ത്വക്ക് രോഗം, മഞ്ഞപ്പിത്തം എന്നീ രോഗങ്ങൾക്ക് പ്രതിവിധിയായും ഹൃദയം, തലച്ചോറ് എന്നിവയുടെ ശരിയായ പ്രവർത്തനത്തിനും കോവയ്ക്ക കഴിക്കുന്നത് ഉത്തമമാണ്. ധാരാളം ജലാംശം അടങ്ങിയിരിക്കുന്നതിനാൽ ശരീരത്തിന് കുളിർമ നൽകുന്നതിനും അമിത ക്ഷീണം കുറയ്ക്കാനും സഹായിക്കും. പല രോഗങ്ങൾക്കും അണുബാധകൾക്കും ഫലപ്രദമായി ചികിത്സിക്കുന്നതിനായി പരമ്പരാഗത മരുന്നുകൾ തയ്യാറാക്കാനും ഇതുപയോഗിക്കുന്നുണ്ട്.

ഹൃദയത്തിന്റെ പ്രവർത്തനം ഉറപ്പാക്കുകയും ഹൃദയസംബന്ധമായ അസുഖങ്ങൾ തടയുകയും ചെയ്യുന്ന ബീറ്റാ കരോട്ടിൻ കൊണ്ട് സമ്പുഷ്ടമാണ് കോവയ്ക്ക. ബേബി തണ്ണിമത്തൻ എന്നും അറിയപ്പെടുന്ന ഈ ഇനം സ്വാദിഷ്ടമായ രുചിയും അവശ്യ പോഷകങ്ങളും ധാതുക്കളും വിറ്റാമിനുകളും നൽകുന്നു. ഇരുമ്പ്, കാൽസ്യം എന്നിവയും അടങ്ങിയിട്ടുണ്ട്. പൊട്ടാസ്യത്തിന്റെയും സമൃദ്ധമായ ഉറവിടമാണ്. രക്തയോട്ടം നിയന്ത്രിക്കുന്നതിലൂടെയും ഹൃദ്രോഗങ്ങൾ തടയുന്നതിലൂടെയും ഹൃദയത്തിന്റെ ഒപ്റ്റിമൽ ആരോഗ്യത്തിന് ഈ ധാതു അത്യാവശ്യമാണ്.

ഒരുപാട് വെള്ളം കെട്ടിനിൽക്കുന്നിടത്ത് കോവൽ നടാതിരിക്കുന്നതാണ് ഉത്തമം. അധികം പരിചരണവും ഒരുപാട് വളപ്രയോഗവും ഇതിന് വേണമെന്നില്ല. നല്ല സൂര്യപ്രകാശം ലഭിക്കുന്നിടത്ത് നട്ടാൽ നല്ല രീതിയിൽ വളരും. കോവയ്ക്ക ഒരു പടർന്നു കയറുന്ന വള്ളിച്ചെടിയാണ്. വള്ളി മുറിച്ചു നട്ടാണ് കോവൽ കൃഷി ചെയ്യുന്നത്. കവറിൽ നട്ടുപിടിപ്പിച്ചു പിന്നീട് കുഴിയിലേക്കു നടാം.

ഉണങ്ങിയ കാലിവളം, തരിമണൽ, മേൽമണ്ണ് എന്നിവ സമം കൂട്ടിയിളക്കിയത് പോളിത്തിൻ കവറിന്റെ മുക്കാൽ ഭാഗം വരെ നിറക്കുക. വള്ളിയുടെ രണ്ടു മുട്ടുകൾ മണ്ണിൽ പുതയാൻ പാകത്തിൽ വള്ളികൾ നടുക. ഇവ തണലിൽ സൂക്ഷിക്കുക.ആവശ്യത്തിനു മാത്രം നനക്കുക. ഒരു മാസത്തിനുള്ളിൽ തൈകൾ മാറ്റി നടാം. പോളിത്തിൻ കവറിന്റെ ചുവടു കീറി കുഴിയിലേക്കു വെക്കുക. അര മീറ്റർ വീതിയും താഴ്ചയും ഉള്ള കുഴികളിലാണു നടേണ്ടത്.



# തമിഴ്നാട്ടിൽ നിന്നു വരവു കുറഞ്ഞു, ഏത്തക്കുല കിലോയ്ക്ക് 80 രൂപ

**പിറവം:** കർഷകർക്ക് ആശ്വാസമായി മാസങ്ങൾക്കു ശേഷം വാഴക്കുല വിപണി കരുത്തു നേടുന്നു. ഓണം അടുത്തെത്തിയതോടെ ഉപ്പേരിയും ശർക്കര വരട്ടിയും തയാറാക്കുന്നതിനു കായ് കൂടുതലായി ഉപയോഗിക്കുകയും തമിഴ്നാട്ടിൽ നിന്നു വരവു കുറയുകയും ചെയ്തതാണു വില ഉയരാൻ കാരണം. 2 മാസം മുൻപു വരെ കിലോഗ്രാമിനു 35 രൂപ വില ലഭിച്ചിരുന്ന ഞാലിപ്പൂവനാണ് ഈ ദിവസങ്ങളിൽ വിപണിയിലെ താരം. 65 രൂപ നിരക്കിലാണു കഴിഞ്ഞ ദിവസം രാമമംഗലം കർഷക വിപണിയിൽ വ്യാപാരം നടന്നത്.

പഴത്തിനു കിലോഗ്രാമിനു 80 രൂപ വരെ എത്തി.62 രൂപ നിരക്കിൽ ഏത്തക്കായും വിറ്റുപോയി. 30 രൂപയിൽ നിന്നാണു ഏത്തക്കായ വില ഉയർന്നത്. 10 രൂപ നിരക്കിൽ നിന്നിരുന്ന പാളയൻകോടൻ കായ് 23 രൂപ നിരക്കിലാണു വ്യാപാരം നടന്നത്.

പൂവൻ കായ് വില 25 ൽ നിന്നു 45 വരെ ഉയർന്നു.നാളുകളായി വില ഇല്ലാതായതോടെ കൃഷി കുറഞ്ഞതും വില ഉയരാൻ കാരണമായി പറയപ്പെടുന്നുണ്ട്. ഏത്തക്കായ കിലോഗ്രാമിനു 30 രൂപ നിരക്കു തുടർന്നതോടെ പല കർഷകരും വിട്ടുനിൽക്കുകയായിരുന്നു.

ഇതിനു പുറമെ വളങ്ങളുടെ ലഭ്യത കുറവും വിലക്കയറ്റവും തിരിച്ചടിയായി. നൂറ് ഏത്തവാഴ കൃഷി ചെയ്താൽ കാലാവസ്ഥ അനുകൂലമാണെങ്കിൽ പോലും പരമാവധി 85എണ്ണം വരെയാണ് വിളവെടുക്കാനാവുക.

വളങ്ങളുടെ വിലയും കൂലിച്ചെലവും കഴിഞ്ഞ 2 വർഷത്തിനിടെ കാര്യമായി വർധിച്ചു. രാസവളങ്ങൾക്കു കിലോഗ്രാമിനു 30 മുതൽ 35 രൂപ വരെയാണു വില. ഓണം വിപണി സജീവമാകുന്നതോടെ അടുത്ത ദിവസങ്ങളിൽ വില ഇനിയും ഉയരുമെന്ന പ്രതീക്ഷയിലാണു കർഷകർ.



# സർക്കാർ നൽകിയ ആധുനിക ബോട്ടുകൾ നീറ്റിലിറക്കി

**മലപ്പുറം:** മത്സ്യത്തൊഴിലാളികൾക്ക് സർക്കാരിന്റെ കരുതൽ ഹസ്തം. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് നൽകിയ ആധുനിക സൗകര്യങ്ങളോടുകൂടിയ മൂന്ന് മത്സ്യബന്ധന വള്ളങ്ങൾ നീറ്റിലിറക്കി. താനൂർ ഹാർബറിൽ നടന്ന ചടങ്ങിൽ കായിക മന്ത്രി വി അബ്ദുറഹിമാൻ ഫ്ലാഗ് ഓഫ് ചെയ്തു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലാഭകരമായ മത്സ്യബന്ധനം നടത്തുന്നതിനാണ് ആധുനിക സൗകര്യങ്ങളോടുകൂടിയ ബോട്ടുകൾ നൽകിയത്. സംസ്ഥാനത്ത് അനുവദിച്ച് 10 മത്സ്യബന്ധന ബോട്ടുകളിൽ മൂന്നെണ്ണം മലപ്പുറം ജില്ലയിലാണെന്നും അതിൽ രണ്ടെണ്ണം താനൂരിലാണ് അനുവദിച്ചതെന്നും മന്ത്രി വി അബ്ദുറഹിമാൻ പറഞ്ഞു. തുടർന്നും കൂടുതൽ സംഘങ്ങൾക്ക് ബോട്ടുകൾ നൽകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പി.കെ രഞ്ജിനി സ്വാഗതം പറഞ്ഞു. മത്സ്യഫെഡ് ജില്ലാ മാനേജർ മനോജ് റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം നാസർ പോളാട്ട്, നഗരസഭാ കൗൺസിലർ , കെ.ടി ശശി എന്നിവർ പങ്കെടുത്തു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നൽകി 1.57 കോടി രൂപ ചെലവ് വരുന്ന ബോട്ടുകളാണ് നൽകിയിട്ടുള്ളത്. ഹൈഡ്രോളിക് സംവിധാനത്തിലാണ് ബോട്ട് പ്രവർത്തിക്കുന്നത്. 200 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്താനുള്ള ലൈസൻസ് അടക്കം സർക്കാർ അനുവദിച്ചിട്ടുണ്ട്. കൊച്ചിൻ ഷിപ് യാർഡിനു കീഴിൽ ഉഡുപ്പിക്കു സമീപമുള്ള മാൽപ്പേ യാർഡിൽ നിന്നും ആധുനിക രീതിയിലുള്ള ചൂണ്ടയും ഗിൽനെറ്റ് വലകളും വള്ളത്തിൽ ഘടിപ്പിച്ചിട്ടുണ്ട്. ലോങ്ലൈനർ വിഞ്ച്, ഗിൽനെറ്റ് ഹോളർ, അത്യാധുനിക സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ജി.പി.എസ് ഉൾപ്പെടെയുള്ള ആശയവിനിമയ ഉപകരണങ്ങൾ, ദുരന്ത മുന്നറിയിപ്പ് ഉപകരണം, മാഗ്നെറ്റിക് കോമ്പസ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. മറ്റു വള്ളങ്ങളുടെ ഗതി ഓട്ടോമാറ്റിക്കായി ചൂണ്ടിക്കാണിക്കുന്ന സൗകര്യവുമുണ്ട്. 22.70 മീറ്റർ നീളവും 6.40 മീറ്റർ വീതിയുമുണ്ട് ബോട്ടുകൾക്ക്. 10,000 ലിറ്റർ ശുദ്ധജലം സംഭരിക്കാൻ ശേഷിയുള്ള ടാങ്ക്, 70 ക്യൂബിക് മീറ്റർ ശേഷിയുള്ള മത്സ്യസംഭരണി, എട്ടുപേർക്ക് വിശ്രമിക്കാനുള്ള സൗകര്യം, അടുക്കള എന്നിവയും ഇതിലുണ്ട്.

# മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ: 3000 സ്നേഹാരാമങ്ങൾ ഒരുക്കുമെന്ന് ആർ ബിന്ദു

**കൊല്ലം:** മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പ് സംസ്ഥാന നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകൾ സ്നേഹാരാമങ്ങൾ ഒരുക്കുമെന്ന് മന്ത്രി ബിന്ദു വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കേരളത്തിലെ 3000 കേന്ദ്രങ്ങളിൽ സ്നേഹാരാമങ്ങൾ ഒരുക്കും. 3500 എൻ.എസ്.എസ് യൂണിറ്റുകളിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ കലാലയങ്ങളിലെ മറ്റ് വിദ്യാർഥി കൂട്ടായ്മകൾ, ത്രിതല പഞ്ചായത്ത് സമിതികൾ, കൂട്ടായ്മകൾ എന്നിവയുടെ ബഹുജന സഹകരണത്തോടെയാണ് സ്നേഹാരാമം പദ്ധതി പൂർത്തീകരിക്കുകയെന്ന് മന്ത്രി വ്യക്തമാക്കി.

ഓരോ എൻ.എസ്.എസ് യൂണിറ്റും പൊതുജനങ്ങൾ അലക്ഷ്യമായി മാലിന്യം നിക്ഷേപിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഒരു പ്രദേശമോ വൃത്തിഹീനമായി കിടക്കുന്ന പൊതുസ്ഥലമോ ഏറ്റെടുത്ത് മാലിന്യമുക്തമാക്കി പൊതുജനങ്ങൾക്കു ഉപയോഗപ്രദമാക്കി മാറ്റുകയാണ് ലക്ഷ്യമിടുന്നത്. ഗാന്ധിജയന്തി ദിനത്തിൽ ആരംഭിക്കുന്ന ക്യാമ്പയിൻ 2024 ജനുവരി ഒന്നിന് അവസാനിക്കും.

മാലിന്യം വലിച്ചെറിയലിനെതിരെ പ്രതിരോധം സൃഷ്ടിക്കാൻ എൻ.എസ്.എസ് വോളന്റിയർമാരുടെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു. വിദ്യാലയങ്ങളെ മാതൃകാ ഹരിതസ്ഥാപനങ്ങളാക്കി മാറ്റും. ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യാനുള്ള നൈപുണ്യം വളർത്തലും പദ്ധതിയുടെ ഭാഗമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ചായിരിക്കും പ്രദേശം തീരുമാനിക്കുന്നത്. പച്ചത്തുരുത്ത്, ചുമർചിത്രം, വെർട്ടിക്കൽ ഗാർഡൻ, പാർക്ക്, വിശ്രമ സംവിധാനം, ഇൻസ്റ്റലേഷൻ എന്നിങ്ങനെ വോളന്റിയർമാരുടെ സർഗ്ഗാത്മകത വ്യക്തമാക്കുന്ന തരത്തിലായിരിക്കും പ്രദേശം സ്നേഹാരാമമായി മാറ്റിയെടുക്കുക.

തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് സെപ്റ്റംബർ ആദ്യആഴ്ചക്ക് മുൻപ് തന്നെ പ്രദേശം കണ്ടെത്തും. കണ്ടെത്തുന്ന സ്ഥലത്തിന് സ്നേഹാരാമം എന്ന പേര് നൽകും. ഡിസംബറിൽ എൻ എസ് എസ് യൂണിറ്റുകൾ സംഘടിപ്പിക്കുന്ന സപ്തദിന ക്യാമ്പുകൾ കഴിയുമ്പോഴേക്കും പ്രദേശത്തെ സൗന്ദര്യവത്കരണം പൂർത്തിയാകും. ജനുവരി ഒന്നോടു കൂടി കേരളത്തിലെ എല്ലാ പ്രദേശങ്ങളും ഒരേ സമയത്ത് ഉദ്ഘാടനം ചെയ്യുന്ന വിധത്തിൽ മെഗാ ഈവന്റ് വോളന്റിയർമാരുടെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കും മന്ത്രി പറഞ്ഞു.

# ഫ്രീഡം ഫെസ്റ്റ് 2023: സ്കൂളുകളിൽ പരിപാടികൾ

**തിരുവനന്തപുരം:** വിജ്ഞാനത്തിന്റെയും നൂതനാശയ നിർമിതിയുടെയും സാങ്കേതിക വിദ്യയുടേയും പ്രയോജനം എല്ലാവർക്കും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ഓഗസ്റ്റ് 12 മുതൽ 15 വരെ തിരുവനന്തപുരത്ത് നടക്കുന്ന 'ഫ്രീഡം ഫെസ്റ്റ് 2023' ന്റെ മുന്നോടിയായി ഓഗസ്റ്റ് 5 മുതൽ 12 വരെ സ്കൂളുകളിൽ കൈറ്റിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടക്കും. ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ് യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിനോടൊപ്പം സ്വാതന്ത്ര ഹാർഡ്‌വെയറും പരിചയപ്പെടുത്തുന്ന 'ഐടി കോർണർ' സ്കൂളുകളിൽ സംഘടിപ്പിക്കും. എല്ലാ സ്കൂളുകളിലേക്കും കൈറ്റ് നൽകിയ റോബോട്ടിക് കിറ്റിന്റെ ഭാഗമായുള്ള ആർഡിനോ, ഹയർസെക്കന്ററിയിൽ ശാസ്ത്ര പരീക്ഷണങ്ങൾ നടത്താനുള്ള എക്സ്പൈസ് തുടങ്ങിയ ഓപ്പൺ ഹാർഡ്‌വെയറുകൾ ഉപയോഗിച്ചുള്ള നിരവധി പ്രവർത്തനങ്ങൾ ഐടി കോർണറുകളിലൂടെ മുഴുവൻ കുട്ടികൾക്കും ഈ ദിവസങ്ങളിൽ പരിചയപ്പെടുത്തും.

ഫ്രീഡം ഫെസ്റ്റിന്റെ സന്ദേശം പ്രചരിപ്പിക്കുന്ന തരത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ തയാറാക്കുന്ന ഡിജിറ്റൽ പോസ്റ്റർ നിർമാണ മത്സരവും നടക്കും. ഓരോ സ്കൂളിൽ നിന്നും മികച്ച അഞ്ച് സൃഷ്ടികൾ 'സ്കൂൾ വിക്കി'യിൽ അപ്‌ലോഡ് ചെയ്യും. ഓഗസ്റ്റ് 9ന് സ്കൂൾ അസംബ്ലികളിൽ സ്വതന്ത്ര വിജ്ഞാനോത്സവവുമായി ബന്ധപ്പെട്ട പ്രത്യേക സന്ദേശം വായിക്കും. പൊതുജനങ്ങൾക്ക് സൗജന്യമായി സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകുന്ന ' ഇൻസ്റ്റാൾ ഫെസ്റ്റ് ' പോലുള്ള അനുബന്ധ പരിപാടികളും സംഘടിപ്പിക്കും.

# കുറ്റവാളികൾക്ക് പരിവർത്തനം സംഭവിക്കുമ്പോഴേ ശിക്ഷ അർത്ഥവത്താകൂ:ജില്ലാ ജഡ്ജി ജോഷി ജോൺ




**കൊച്ചി:** കുറ്റവാളികൾക്ക് നന്മയിലേക്കുള്ള പരിവർത്തനം സംഭവിക്കുമ്പോഴേ ശിക്ഷ അർത്ഥവത്താകൂ എന്ന് ജില്ലാ ജഡ്ജിയും കേരള സ്റ്റേറ്റ് ലീഗൽ സർവീസ് സൊസൈറ്റി മെമ്പർ സെക്രട്ടറിയുമായ ജോഷി ജോൺ പറഞ്ഞു. കാക്കനാട് ജില്ലാ ജയിലിലെ തടവുകാർക്കായി സംഘടിപ്പിക്കുന്ന നിയമബോധന ക്ലാസിന്റെയും തൊഴിൽ നൈപുണ്യ പരിശീലന പരിപാടിയുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കുറ്റം ചെയ്ത വ്യക്തികളെ കുറ്റവാസനയിൽ നിന്ന് പിന്തിരിപ്പിച്ച് സധാരണ പൗരനാക്കി തീർക്കുകയാണ് ശിക്ഷയുടെ ലക്ഷ്യം. ഒരു കുറ്റം ചെയ്തതുകൊണ്ട് ജീവിതകാലം മുഴുവൻ കുറ്റവാളിയായി ജീവിക്കേണ്ടതില്ല. ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ വിവിധ പദ്ധതികൾ നമുക്കുണ്ട്. ഇത്തരം ക്ലാസുകളും പരിശീലന പരിപാടികളും തൊഴിൽ സഹായവും മറ്റ് സേവനങ്ങളുമെല്ലാം തടവുകാർ പരമാവധി പ്രയോജനപ്പെടുത്തി സാധാരണ ജീവിതത്തിലേക്ക് മടങ്ങണം. മറിച്ച് ഒരു കുറ്റത്തിൽ നിന്ന് മറ്റൊന്നിലേക്ക് പോകുകയല്ല വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. കുറ്റവാളികളുടെ പരിവർത്തനവും പുനരധിവാസവും സാധ്യമാക്കി, കുറ്റകൃത്യങ്ങൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകളിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കുന്നതിനായി നടപ്പാക്കുന്ന നേർവഴി പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പും ജില്ലാ പ്രൊബേഷൻ ഓഫീസും ജില്ലാ ജയിലും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയിലെ അഡ്വ. കെ. ഫാത്തിമ നിയമ ബോധന ക്ലാസ് നയിച്ചു. ആഗസ്റ്റ് 8 മുതൽ 12 വരെയാണ് തടവുകാർക്ക് തൊഴിൽ നൈപുണ്യ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. ബ്യൂട്ടീഷ്യൻ കോഴ്സാണ് പരിശീലന പരിപാടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

കാക്കനാട് ജില്ലാ ജയിൽ അങ്കണത്തിൽ സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ ജില്ലാ പ്രൊബേഷൻ ഓഫീസർ എം. സബീന ബീഗം അധ്യക്ഷത വഹിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർ (ഇൻ ചാർജ് ) എം.വി സ്മിത, ജയിൽ സൂപ്രണ്ട് രാജു എബ്രഹാം, വെൽഫയർ ഓഫീസർ ഒ.ജെ തോമസ്, പ്രൊബേഷൻ അസിസ്റ്റന്റ് അർജുൻ എം.നായർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് കലാ,കായിക പരിശീലനം നൽകും



കൊച്ചി: അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് റോഷ്നി പദ്ധതി വഴി കലാ കായിക പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്. റോഷ്നി പദ്ധതിയുടെ ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കലാ കായിക പരിശീലനം നൽകുന്നതിലൂടെ വിദ്യാർത്ഥികളുടെ അച്ചടക്കം മെച്ചപ്പെടുമെന്ന വിലയിരുത്തലിനെ തുടർന്നാണ് നടപടി. പദ്ധതിയിലൂടെ സ്പോർട്സ് കിറ്റുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. പ്രഭാതഭക്ഷണം എല്ലാവർക്കും ഉറപ്പാക്കണമെന്നും സ്ക്രീനിങ് ടെസ്റ്റ് നടത്തി പ്രഗൽഭരായ അധ്യാപകരെ പരിശീലനത്തിനായി നിയോഗിക്കണമെന്നും യോഗത്തിൽ നിർദേശം ഉയർന്നു. ജില്ലയിലെ അതിഥി തൊഴിലാളികളുടെ കുട്ടികൾക്കായി ബിപിസിഎല്ലിന്റെ സി.എസ്.ആർ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് റോഷ്നി. ഒന്ന് മുതൽ 10 വരെ ക്ലാസുകളിലായി 8121 വിദ്യാർഥികൾ പദ്ധതിയുടെ കീഴിൽ ഈ അധ്യയന വർഷത്തിൽ പഠിക്കുന്നുണ്ട്. ഒഡിയ, ബംഗാളി, മറാത്തി തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യം നേടിയ വോളന്റീയർമാരെ ഉപയോഗിച്ച് ഇതരഭാഷാ കുട്ടികളെ സംസ്ഥാന സ്കൂൾ സിലബസിലെ പാഠഭാഗങ്ങൾ പരിചയപ്പെടുത്തി അവർക്ക് ഭാഷാപരമായ പ്രശ്നങ്ങൾ തരണം ചെയ്യുകയാണ് പദ്ധതിയിലൂടെ. കോവിഡ് കാലത്തിനു മുൻപുള്ള മികച്ച പ്രവർത്തനത്തിലേക്ക് റോഷ്നി പദ്ധതിയെ ഉയർത്തുകയാണ് ലക്ഷ്യം.ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ പദ്ധതി ജനറൽ കോ ഓഡിനേറ്റർ സി.കെ. പ്രകാശ്, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി .ജി. അലക്സാണ്ടർ, ബി.പി.സി എൽ പ്രതിനിധി എലിസബത്ത് ഡേവിസ് തുടങ്ങിയവർ പങ്കെടുത്തു.

# മഹാരാജാസ് കോളേജ് ബിരുദ പ്രോഗ്രാമുകളിൽ ഒഴിവ്

**കൊച്ചി:** മഹാരാജാസ് കോളേജിലെ വിവിധ ബിരുദ പ്രോഗ്രാമുകളിലെ എസ്.സി, എസ്.ടി, ട്രാൻസ്ജെൻഡർ വിഭാഗങ്ങളിൽ ഒഴിവുള്ള സീറ്റിലേക്ക് ഓഗസ്റ്റ് 7ന്(തിങ്കൾ) സ്പോട്ട് അഡ്മിഷൻ നടത്തുന്നു. രാവിലെ 11.30 ന് മുൻപ് കോളേജ് ഓഫീസിൽ റിപ്പോർട്ട് ചെയ്യണം. വിശദവിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് (maharajas.ac.in) സന്ദർശിക്കുക.

## സൗജന്യ സ്റ്റാഫ് സെലക്ഷൻ കോച്ചിങ് ക്ലാസ്

**കൊച്ചി:** തൃപ്പൂണിത്തുറ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആന്റ് കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റിൽ തൃപ്പൂണിത്തുറ ചുരക്കാട് സി.ഡി.സിയിൽ ആരംഭിക്കുന്ന സൗജന്യ സ്റ്റാഫ് സെലക്ഷൻ കോച്ചിങ് ക്ലാസുകളിലേക്ക് (കോഴ്സ് ദൈർഘ്യം 150 മണിക്കൂർ) പങ്കെടുക്കാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രം പങ്കെടുക്കാൻ അവസരം. കൂടുതൽ വിവരങ്ങൾക്ക്:04842785859, 8848541178(ബിനു ബാഹുലേയൻ), 9746465538(ഷാമിൻ കുമാർ)

# ഹരിതകേരളം മിഷനുവേണ്ടി ഫ്ളോട്ട്: ഡിസൈനുകൾ ക്ഷണിച്ചു

കൊച്ചി: സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന 2023 ലെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന സമാപന ഘോഷയാത്രയിൽ ഹരിതകേരളം മിഷനുവേി ഫ്ളോട്ട് അവതരിപ്പിക്കുന്നതിന് ഏജൻസികളിൽ നിന്നും ഡിസൈനുകൾ ക്ഷണിച്ചു. ഒരു ഏജൻസിയ്ക്ക് ഒന്നിലധികം ഡിസൈനുകൾ സമർപ്പിക്കാം. വിനോദസഞ്ചാര വകുപ്പ് നിഷ്കർഷിക്കുന്ന നിബന്ധനകൾക്കനുസരിച്ച് ഹരിതകേരളം മിഷൻ നടത്തി വരുന്ന പ്രവർത്തനങ്ങളെ മുൻനിർത്തിയുള്ളതാകണം ഡിസൈനുകൾ. ഡിസൈൻ ആശയം സംബന്ധിച്ച കുറിപ്പും ചെലവാകുന്ന തുക സംബന്ധിച്ച കുറിപ്പും ഇതോടൊപ്പം നൽകണം. അവസാന തീയതി ഓഗസ്റ്റ് 8. അയയ്ക്കേ വിലാസം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നവകേരളം കർമപദ്ധതി, ഹരിതകേരളം മിഷൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം1. ഇമെയിൽ: 1മ്മസല്യമഹമാഴീസ@ഴാമശഹ.രീ

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ കാക്കനാട് പ്രവർത്തം ആരംഭിക്കുന്ന എന്റെ കൂട് സ്ഥാപനത്തിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് വാട്ടർ കണക്ഷൻ നൽകുന്നതിന് സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി: ഓഗസ്റ്റ് 18 രാവിലെ 11. കൂടുതൽ വിവരങ്ങൾക്ക്: 0484 2952949

## ലാബ് അറ്റൻഡർ താൽക്കാലിക നിയമനം

കൊച്ചി:എറണാകുളം ജില്ലയിലെ സർക്കാർ ഹോമിയോ ആശുപത്രികളിൽ നിലവിലുള്ള ലാബ് അറ്റൻഡർ തസ്തികകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽകാലികമായി നിയമനം നടത്തുന്നതിനായി ഓഗസ്റ്റ് 11 ന് രാവിലെ 10ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. പ്രായപരിധി 18 മുതൽ 41 വരെ. അർഹരായ ഉദ്യോഗാർത്ഥികൾ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (എസ് എസ്എൽസി, എംഎൽടി) ഒറിജിനലും, പകർപകളും, തിരിച്ചറിയൽ രേഖകളും സഹിതം ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസ്, കാക്കനാട് (ഷാപ്പുപടി ബസ്റ്റോപ്പിന് സമീപം) ഹാജരാകണം. . ഫോൺ: . 0484 2955687

### മെഡിക്കൽ കോളേജിൽ ഐസൊലേഷൻ യൂണിറ്റ് ആരംഭിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഐസൊലേഷൻ യൂണിറ്റ് ആരംഭിച്ചു. ഇതുവഴി വിവിധ വിഭാഗങ്ങളിൽ കർശനമായ ഐസൊലേഷൻ ആവശ്യമായ രോഗികളെ അതത് വിഭാഗത്തിന്റെ കീഴിൽ ഐസൊലേഷൻ നൽകി ചികിത്സ ലഭ്യമാക്കാനാകും.നേരത്തെ ജില്ലയിലെ കോവിഡ് കോവിഡ് ഐ. സി. യു സംവിധാനമായിരുന്നു ഈ യൂണിറ്റിൽ ഒരുക്കിയിരുന്നത്.ഈ യൂണിറ്റിലേക് ആവശ്യമായ ഡോക്ടർമാർ, നഴ്സിംഗ് സ്റ്റാഫ് എന്നിവരുടെ സേവനം ലഭ്യമാക്കും.ഗുരുതര പകർച്ചവ്യാധികൾ ഉള്ള രോഗികളെ ചികിത്സിക്കാനും അവർക്ക് ആവശ്യമായ ശുശ്രുഷകൾ നൽകാനും ഈ യൂണിറ്റിൽ സാധിക്കും.ഐസൊലേഷൻ യൂണിറ്റിലേക്കുള്ള അഡ്മിഷൻ മെഡിക്കൽ കോളേജ് കൺട്രോൾ റൂം മുഖേനയാണ് നടത്തപ്പെടുക.

# വിരാട് കോഹ്‌ലിഎസ്സിലോറിന്റെ ഇന്ത്യൻ ബ്രാൻഡ് അംബാസഡർ



**കൊച്ചി:** പ്രിസ്ക്രിപ്ഷൻ ലെൻസുകളുടെ മുൻനിരയിലുള്ള എസ്സിലോർ, ഇതിഹാസ ക്രിക്കറ്റ് താരവും ആഗോള കായിക ഐക്കണുമായ വിരാട് കോഹ്‌ലിയെ തങ്ങളുടെ ഇന്ത്യൻ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. പ്രായഭേദമന്യേ എല്ലാ വിഭാഗക്കാരുടെയും നേത്രപരിപാലനത്തിൽ മുന്നിൽ നിൽക്കുന്ന നൂതന ബ്രാൻഡുകളായ സ്റ്റെല്ലെസ്റ്റ്, ഐസെൻ, വാരിലക്സ് എന്നിവയും ഇവയെ സംരക്ഷിക്കുന്ന പ്രശസ്തമായ ഒരു അദൃശ്യ ഷീൽഡായ ക്രിസലും ഉൾപ്പെടുത്തി എസ്സിലോർ വിരാട് കോഹ്‌ലിയെ വച്ച് കൊ് ഒരു മൾട്ടിമീഡിയ കാമ്പെയ്ൻ ഉടൻ പുറത്തിറക്കും. വ്യക്തമായ കാഴ്ചയ്ക്ക് എതിര് നിൽക്കുന്ന എല്ലാ ശക്തികളെയുമെതിരേ പൂർണ്ണമായ സംരക്ഷണം നൽകുന്ന ഒരു കോമ്പിനേഷനായി, അത് ധരിക്കുന്നവർക്കു കാഴ്ച അതിന്റെ പൂർണ്ണ ശേഷിയിൽ ലഭിക്കും എന്ന സന്ദേശമായിരിക്കും ഈ കാമ്പയിൻ നൽകുകയെന്ന് എസ്സിലോർ ലക്സോട്ടിക്ക സൗത്ത് ഏഷ്യ കൺട്രി ഹെഡ് നരസിംഹൻ നാരായണൻ പറഞ്ഞു. എസ്സിലോർ നൂതന സാങ്കേതികവിദ്യയ്ക്കും മികച്ച ഉൽപ്പന്നങ്ങളുടെ നിരയ്ക്കും ഊന്നൽ നൽകുന്നു. വ്യക്തതയോടും ആത്മവിശ്വാസത്തോടും കൂടി ലോകത്തെ കാണാൻ വ്യക്തികളെ ശാക്തീകരിക്കുന്നതിനുള്ള ബ്രാൻഡിന്റെ സമർപ്പണത്തിന് സാക്ഷ്യം സൃഷ്ടിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരായിരിക്കുമ്പോൾ ഇത് പുതിയതും ആവേശകരവുമായ ഒരു അധ്യായത്തിന്റെ തുടക്കമാണെന്നും നരസിംഹൻ നാരായണൻ പറഞ്ഞുആഗോളതലത്തിൽ കാഴ്ച സംരക്ഷണ രംഗത്ത് വിപ്ലവം സൃഷ്ടിക്കുന്നതിൽ മുൻപന്തിയിലുള്ള ബ്രാൻഡായ എസ്സിലോറുമായി സഹകരിക്കുന്നതിൽ താൻ സന്തുഷ്ടനാണെന്ന് വിരാട് കോഹ്‌ലി പറഞ്ഞു.കണ്ണടകൾ എന്റെ ജീവിതത്തിന്റെ അവിഭാജ്യഘടകമാണ്, മൈതാനത്തായാലും പുറത്തായാലും വ്യക്തമായ കാഴ്ചശക്തിയുടെ ആവശ്യമുണ്ടെന്ന് താൻ തിരിച്ചറിയുന്നുവെന്നും വിരാട് കോഹ്‌ലി പറഞ്ഞു

# പഞ്ച് ഐസിഎൻജി വിപണിയിൽ അവതരിപ്പിച്ച് ടാറ്റ മോട്ടോഴ്സ്



**കൊച്ചി,:** സിഎൻജി സെഗ്മെന്റിൽ തങ്ങളുടെ ഏറ്റവും പുതിയ മോഡലായ പഞ്ച് ഐസിഎൻജി (ശഇചഏ) വിപണിയിൽ അവതരിപ്പിച്ച് ടാറ്റ മോട്ടോഴ്സ്. ഇരട്ട സിലർ സാങ്കേതികവിദ്യ ഉപയോഗിച്ച് പരിഷ്കരിച്ച ടിയാഗോ ഐസിഎൻജി, ടിഗോർ ഐസിഎൻജി വാഹനങ്ങൾക്കൊപ്പമാണ് പഞ്ചും ഇന്ത്യൻ നിരത്തുകളുടെ ഭാഗമാകുന്നത്. ഇതോടെ സിഎൻജി സെഗ്മെന്റിൽ കൂടുതൽ കരുത്താകർഷിക്കുകയാണ് ടാറ്റ മോട്ടോഴ്സ്. ഈ വർഷം മെയിലാണ് അൾട്രോസ് ഐസിഎൻജിയിലൂടെ ടാറ്റ മോട്ടോഴ്സ് ഇരട്ടസിലർ സാങ്കേതിക വിദ്യ ആദ്യമായി അവതരിപ്പിക്കുന്നത്. ബൂട്ട് സ്പെയ്സിൽ യാതൊരുവിധ വിട്ടുവീഴ്ചയ്ക്കും തയാറാകതെ തന്നെ മികച്ച ഡ്രൈവിംഗ് അനുഭവം നൽകുന്ന മികവിന് സിഎൻജി വാഹന ഉപഭോക്താക്കൾക്കിടയിൽ അതിശയകരമായ പ്രതികരണമാണ് ലഭിച്ചത്.അൾട്രോസ് ഐസിഎൻജിയുടെ വിജയത്തെ കൂടുതൽ ഊട്ടിയുറപ്പിച്ചുകൊ് ഇരട്ട സിലിർ സാങ്കിതികവിദ്യയിൽ മൂന്ന് വാഹനങ്ങൾകൂടിയാണ് വിപണിയിലെത്തുന്നതെന്ന് ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾ മാർക്കറ്റിംഗ് ഹെഡ് വിനയ് പന്ത് പറഞ്ഞു. ടിയാഗോയ്ക്കും ടിഗോറിനുമൊപ്പം ഏറെ ആകാംക്ഷയോടെ കാത്തിരുന്ന സബ് കോംപാക്ട് എസ് യു വിയായ ടാറ്റ പഞ്ചും ഇരട്ടസിലിർ സാങ്കേതികവിദ്യയിൽ അവതരിപ്പിക്കുന്നതിൽ സന്തോഷമു്. 2023 ഓട്ടോ എക്സ്പോയിൽ അവതരിപ്പിച്ചതുമുതൽ, ഈ വിഭാഗത്തിൽ ഏറ്റവും കൂടുതൽ കാത്തിരിക്കുന്ന ഉൽപ്പന്നങ്ങളിലൊന്നാണ് പഞ്ച് ഐസിഎൻജി. വിട്ടുവീഴ്ചയില്ലാത്ത ബൂട്ട് സ്പേസും ഹൈ എൻഡ് ഫീച്ചർ അപ്ഗ്രേഡുകളും ഉപയോഗിച്ച്, പഞ്ച് ഐസിഎൻജി ഒരു എസ്‌യുവിയുടെ എവിടെയും പോകാനുള്ള മനോഭാവം പ്രകടമാക്കുന്നു, ഇത് സാങ്കേതിക വിദഗ്ദ്ധരും ക്ലാസ് സവിശേഷതകളിൽ ഏറ്റവും മികച്ചതും പരിസ്ഥിതി സൗഹൃദവുമായ ആവശ്യക്കാരായ ഉപഭോക്താക്കളുടെ നിരന്തരം വികസിച്ചുകൊിരിക്കുന്ന ആവശ്യകതകൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വനിതകൾക്ക് ഫെഡറൽ ബാങ്കിന്റെ സൗജന്യ തയ്യൽ പരിശീലനം




**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി നടത്തുന്ന സൗജന്യ സ്വയംതൊഴിൽ പരിശീലന കോഴ്സിന്റെ രാം ബാച്ചിന് തുടക്കമായി. 18നും 35നുമിടയിൽ പ്രായമുള്ള വനിതകൾക്ക് ഫെഡറൽ സ്കിൽ അക്കാഡമിയുടെ നേതൃത്വത്തിലാണ് മൂന്ന് മാസത്തെ തയ്യൽ പരിശീലനം നൽകുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകളെ കത്തി സ്വയംതൊഴിലിന് യോഗ്യരാക്കി മാറ്റുകയാണ് കോഴ്സിന്റെ ലക്ഷ്യം. എസ്ബി ഗ്ലോബൽ എജ്യുക്കേഷണൽ റിസോഴ്സസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കച്ചേരിപ്പടി വിമല വെൽഫെയർ സെന്ററിൽ നടന്ന ചടങ്ങിൽ പുതിയ ബാച്ചിന്റെ ഉദ്ഘാടനം ഫെഡറൽ ബാങ്ക് കോർപ്പറേറ്റ് ആന്റ് ഇൻസ്റ്റിറ്റ്യൂഷണൽ ബാങ്കിങ് വിഭാഗം ഡി വി പിയായ ഫെബിന കെ ബി നിർവഹിച്ചു. സ്ത്രീകൾക്ക് ആധുനിക സമൂഹത്തിൽ ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകണമെങ്കിൽ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കേണ്ടു. ചട്ടക്കൂടുകൾക്ക് പുറത്ത് ജീവിതം മനോഹരമാക്കുന്ന നിരവധി സ്ത്രീകൾ നമുക്കുമുന്നിൽ ഉദാഹരണങ്ങളായിട്ടു്. അത്തരത്തിലുള്ള, സുരക്ഷിതത്വ ബോധമുള്ള വനിതകളെ സൃഷ്ടിക്കുകയാണ് ഫെഡറൽ ബാങ്ക് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് ഫെബിന കെ വി പറഞ്ഞു. ബാങ്കിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡന്റും സിഎസ്ആർ മേധാവിയുമായ അനിൽ സി ജെ, സിഎസ്ആർ വിഭാഗം അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് പ്രവീൺ കെ എൽ , വെൽഫെയർ സെന്റർ പ്രധിനിധി സിസ്റ്റർ ഐറിസ് എന്നിവർ പങ്കെടുത്തു. ഫെഡറൽ ബാങ്ക് ഹോർമിസ് ഫൗഷൻ മുഖേനയാണ് ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതികൾ നിർവഹിക്കുന്നത്.

# ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പ്: മൂന്നാം റൗണ്ടിന് സജ്ജരായി ഹോണ്ട റേസിങ് ഇന്ത്യ ടീം




കൊച്ചി: ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പ് 2023 സീസണിന്റെ മൂന്നാം റൗണ്ടിന് പൂർണ സജ്ജരായി ഹോണ്ട റേസിങ് ഇന്ത്യ ടീം. ചെന്നൈയിലെ മദ്രാസ് മോട്ടോർ റേസ്ട്രാക്ക് (എംഎംആർടി) മൂന്നാം റൗണ്ടിനായി ഒരുങ്ങുമ്പോൾ ട്രാക്കുകളിൽ തീപ്പൊരി പടർത്താൻ പ്രത്യേകം നിർമിച്ച ഹോണ്ട എൻഎസ്എഫ്250ആർ മോട്ടോർസൈക്കിളുകളുമായി 14 യുവറൈഡർമാരും തയാറെടുത്തുകഴിഞ്ഞു. ടാലൻറ് കപ്പിൻറെ രണ്ടാം റൗണ്ടിലെ ആദ്യറേസിൽ 18കാരനായ കവിൻ ക്വിൻറലായിരുന്നു ജേതാവ്. എ.എസ് ജെയിംസിനായിരുന്നു രണ്ടാം സ്ഥാനം. ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ ശ്യാം സുന്ദറിനെ പിറകിലാക്കി പ്രകാശ് കമ്മത്ത് മൂന്നാം സ്ഥാനം നേടി.അതേസമയം രണ്ടാം റേസിൽ തൻറെ വൈദഗ്ധ്യം പ്രകടമാക്കിയ ശ്യാം സുന്ദർ ഒന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്യുകയും ചെയ്തു. എ.എസ് ജെയിംസ്, റഹീഷ് ഖത്രി എന്നിവരായിരുന്നു യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ. മൂന്നാം റൗണ്ടിലും യുവറൈഡർമാരുടെ ഇഞ്ചോടിഞ്ച് പോരാട്ടമാണ് മദ്രാസ് മോട്ടോർ റേസ് ട്രാക്ക് പ്രതീക്ഷിക്കുന്നത്. ആഗസ്റ്റ് 5, 6 തീയതികളിൽ ഹോണ്ട റേസിങ് ഇന്ത്യയുടെയും, ഹോണ്ട ബിഗ്വിങ് ഇന്ത്യയുടെയും ഫേസ്ബുക്ക് ഇൻസ്റ്റാഗ്രാം പേജുകളിൽ ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പ് മത്സരം തത്സമയം കാണാം.യുവ റൈഡർമാർക്ക്, അവരുടെ കഴിവുകളും റൈഡിങിലുള്ള ദൃഢനിശ്ചയവും പ്രകടിപ്പിക്കാനുള്ള വേദിയാണ് ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു. ചാമ്പ്യൻഷിപ്പുകളിൽ തങ്ങളുടെ യുവതാരങ്ങൾ അവിശ്വസനീയമായ മുന്നേറ്റം നടത്തുന്നത് കാണുന്നതിൽ സന്തോഷമുണ്ട്. അവിസ്മരണീയമായ പ്രകടനങ്ങൾ കാഴ്ച്ചവയ്ക്കുന്ന റൈഡർമാർ പുതിയ ഉയരങ്ങളിലേക്ക് കുതിക്കുമെന്ന് തങ്ങൾക്ക് ഉറപ്പുണ്ടെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

# ആസ്റ്റർ ഗ്രൂപ്പിന്റെ സിന്ദഗി ചികിത്സ സഹായ പദ്ധതിയുമായി സഹകരിച്ച് കെ.ബി. ഗണേഷ് കുമാർ എം.എൽ.എ



**കൊല്ലം:** അസ്ഥികളിലെ കാൻസർ (സർക്കോമ) ബാധിച്ച നിർധന രോഗികൾക്കായി ആസ്റ്റർ ഗ്രൂപ്പ് നടത്തുന്ന സിന്ദഗി ചികിത്സ സഹായ പദ്ധതിയുമായി സഹകരിച്ച് കെ.ബി. ഗണേഷ് കുമാർ എം.എൽ.എ. പരമാവധി രോഗികൾക്ക് ചികിത്സ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗണേഷ് കുമാറും പദ്ധതിയുടെ ഭാഗമാകുന്നതെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫ!ർഹാൻ യാസീൻ വ്യക്തമാക്കി.അസ്ഥികളെ ബാധിക്കുന്ന കാൻസർ ചികിത്സയിൽ വിദഗ്ധനായ ഡോ. സുബിൻ സുഗതിന്റെ സേവനം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സിന്ദഗി പദ്ധതി നടപ്പാക്കുന്നത്. രോഗ നിർണയം കഴിഞ്ഞാൽ നൂതന ചികിത്സ ഉറപ്പാക്കുന്നതിന് പുറമേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ചികിത്സ സഹായം നൽകും. കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലും കോഴിക്കോട് ആസ്റ്റർ മിംസിലുമാണ് ചികിത്സ നൽകുന്നത്. ആസ്റ്റർ ഡി.എം ഫൗണ്ടേഷൻ, മിംസ് ചാരിറ്റബിൾ ട്രസ്റ്റ്, ആസ്റ്റർ വോളന്റിയേഴ്സ് എന്നിവയും ഉദ്യമവുമായി സഹകരിക്കുന്നു്.സർക്കോമ പോലുള്ള രോഗങ്ങളുടെ താരതമ്യേന ഉയർന്ന ചിലവ് മൂലം നി!ർധന രോഗികൾക്ക് ചികിത്സ ലഭിക്കാത്ത സാഹചര്യമുണ്ടാകരുതെന്ന ചിന്തയിൽ നിന്നാണ് സിന്ദഗി പദ്ധതി ആവിഷ്കരിച്ചതെന്ന് ഫർഹാൻ യാസീൻ വ്യക്തമാക്കി.സിന്ദഗി പദ്ധതിയുടെ സഹായം ആവശ്യമുള്ളവർക്ക് 89291 90644, 81119 98098 എന്നീ വാട്ട്സ്ആപ്പ് നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# ടൊയോട്ട വെൽഫയർ ഇന്ത്യയിൽ അവതരിപ്പിച്ചു




**കൊച്ചി:** ഇന്ത്യൻ വാഹന വിപണി ഏറെ ആകാംക്ഷയോടെ കാത്തിരുന്ന ഏറ്റവും പുതിയ വെൽഫയർ ഇന്ത്യയിൽ അവതരിപ്പിച്ച് ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് (ടികെഎം). അത്യാഡംബര സൗകര്യങ്ങളോട് കൂടിയാണ് ടൊയോട്ട പുതിയ വെൽഫയർ നിരത്തിലിറക്കിയിരിക്കുന്നത്. ഹൈ, വിഐപി എന്നിങ്ങനെ രണ്ട് വേരിയന്റുകളിലാണ് വാഹനം അവതരിപ്പിച്ചിരിക്കുന്നത്. ഹൈ വേരിയന്റിന് 11,990,000 രൂപയും വിഐപി എക്സിക്യൂട്ടീവിന് 12,990,000 രൂപയുമാണ് എക്സ് ഷോറൂം വില. 2023 നവംബർ മാസം മുതൽ വാഹനം ലഭ്യമായിത്തുടങ്ങും. 19.28 കിലോമീറ്റർ വരെ മൈലേജ് ലഭിക്കുന്ന ഉയർന്ന ഇന്ധനക്ഷമതയാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്.ഹൈബ്രിഡ് സംവിധാനമുള്ള 2.5 ലിറ്റർ ഇന്നർ ഫോർസിലിണ്ടർ ഡിഒഎച്ച്സി (ഡബിൾ ഓവർ ഹെഡ് കാംഷാഫ്റ്റ്) എഞ്ചിനാണ് പുതിയ ടൊയോട്ട വെൽഫയറിന്റേത്. ഇത് 142 സണ ഔട്ട്പുട്ട് എന്ന പരമാവധി പവർ വാഗ്ദാനം ചെയ്യുന്നു, അതായത് 6000 ആർപിഎം. പരമാവധി 240 എൻഎം ടോർഖിൽ 4300 മുതൽ 4500 ആർപിഎം വരെ ഉത്പാദിപ്പിക്കാനും ശേഷിയുണ്ട്. ഇലക്ട്രിക് മോട്ടോറും ഹൈബ്രിഡ് ബാറ്ററിയും ഘടിപ്പിച്ചിരിക്കുന്നതിനാൽ കുറഞ്ഞ ഉദ്വമനം ഉറപ്പാക്കുന്നതിനൊപ്പം മനോഹരമായ ഡ്രൈവിംഗ് അനുഭവം നൽകുന്നു.ടൊയോട്ടയുടെ ക്ലാസ് ലീഡിംഗ് സാങ്കേതികവിദ്യയുടെയുംസൗകര്യത്തിന്റെയും ചാരുതയുടെയും പ്രതീകമായഏറ്റവും പുതിയ വെൽഫയർ അവതരിപ്പിക്കുമ്പോൾ,അത് തങ്ങളുടെ ഇന്ത്യൻ യാത്രയിലെ സുപ്രധാനനാഴികകല്ലാണെന്ന് ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ്മാനേജിംഗ് ഡയറക്ടർ ആൻഡ് ചീഫ് എക്സിക്യൂട്ടിവ്ഓഫീസർ മസകാസു യോഷിമുറ പറഞ്ഞു.

# ഫുൾ ഫ്രെയിം വ്ളോഗ് ക്യാമറ ഇസഡ് വി ഇ വൺ അവതരിപ്പിച്ച് സോണി

**കൊച്ചി:** ഏറ്റവും മികച്ച ദൃശ്യഭംഗിയോടെ ഉള്ളടക്കങ്ങൾ സൃഷ്ടിക്കുന്നതിന് സോണി ഇന്ത്യ ഫുൾ ഫ്രെയിം വ്ളോഗ് ക്യാമറ ഇസഡ് വി ഇ വൺക്യാമറ അവതരിപ്പിച്ചു. പരസ്പരം മാറ്റാവുന്ന ലെൻസും, മികച്ച പ്രകടനമുള്ള 35 എംഎം ഫുൾ ഫ്രെയിം ഇമേജ് സെൻസറുമാണ് പ്രധാനമായും വ്ളോഗർമാരെ ലക്ഷ്യമിട്ടുള്ള റ ഇസഡ് വി ഇ വൺ ക്യാമറയുടെ ഏറ്റവും പ്രധാന സവിശേഷതകൾ.സിനിമാറ്റിക് വ്ളോഗ് സെറ്റിങ്, ഇന്നോവേറ്റീവ് എഐ പ്രോസസിങ് യൂണിറ്റ്, റിയൽടൈം ട്രാക്കിങ്, റെകഗ്നിഷൻ ഫീച്ചേർസ്, എളുപ്പത്തിലുള്ള നിരീക്ഷണത്തിനും മൊബിലിറ്റിക്കുമായി വേരിആംഗിൾ ടച്ച് എൽസിഡി സ്ക്രീൻ, സുഗമമായ സ്മാർട്ട്ഫോൺ കണക്റ്റിവിറ്റി, ക്രിയേറ്റേഴ്സ് ക്ലൗഡ് ഫീച്ചർ എന്നിവയാണ് റ ഇസഡ് വി ഇ വൺക്യാമറയുടെ മറ്റു പ്രത്യേകതകൾ. റ ഇസഡ് വി ഇ വൺ ക്യാമറ വാങ്ങുമ്പോൾ പ്രത്യേക  അവതരണ ഓഫറായി 19,170 രൂപയുടെ ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുമെന്ന് സോണി ഇന്ത്യയുടെ ഡിജിറ്റൽ ഇമേജിങ് ബിസിനസ് മേധാവി മുകേഷ് ശ്രീവാസ്തവ പറഞ്ഞു.വ്ളോഗർമാർക്കും കന്റ് ക്രിയേറ്റർക്കുമായി പ്രത്യേകം രൂപകൽപന ചെയ്തിരിക്കുന്ന  ഇസഡ് വി ഇ വൺ ക്യാമറയുടെ അസാധാരണമായ ഇമേജ് നിലവാരവും. ഒതുക്കം നിറഞ്ഞ രൂപവും, നൂതനമായ സവിശേഷതകളും. ആകർഷകവും ആഴത്തിലുള്ളതുമായ ഉള്ളടക്കം സൃഷ്ടിക്കാൻ ക്രിയേറ്റർമാരെ സഹായിക്കുമെന്നും മുകേഷ് ശ്രീവാസ്തവ പറഞ്ഞു.2860 എംഎം സൂം ലെൻസിനൊപ്പം  ഇസഡ് വി ഇ വൺ എൽ മോഡൽ 2,43,990 രൂപയ്ക്കും,  ഇസഡ് വി ഇ വൺ മോഡലിന് മാത്രമായി 2,14,990 രൂപയുമാണ് വില. എല്ലാ സോണി സെന്റർ, ആൽഫ ഫ് ളാഗ്ഷിപ്പ് സ്റ്റോറുകൾ, സോണി അംഗീകൃത ഡീലർമാർ,




ഇകൊമേഴ്സ് വെബ്സൈറ്റുകൾ (ആമസോൺ, ഫ് ളിപ്പ്കാർട്ട്) എന്നിവയിലും ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ലഭ്യമാണ്.

# സിയാൽ ഡ്യൂട്ടി ഫ്രീയിൽ ഷോപ്പിങ് ഉത്സവം




**കൊച്ചി:** സിയാൽ ഡ്യൂട്ടി ഫ്രീ ഷോപ്പിൽ മൂന്ന് മാസം നീു നിൽക്കുന്ന ഷോപ്പിംഗ് ഉത്സവത്തിന് തുടക്കമായി.ഒട്ടേറെ ഓഫറുകളുമായി 'ജംബോ ജംബൂരി' ഫെസ്റ്റിവൽ ഒക്ടോബർ വരെ നീു നിൽക്കും.ഷോപ്പിംഗ് ഉത്സവത്തിന്റെ ഭാഗമായി സിയാൽ ഡ്യൂട്ടി ഫ്രീ ഷോപ്പിൽ നിന്നും 5000 രൂപക്ക് മുകളിൽ പർചേസ് ചെയ്യുന്ന ഉപഭോക്താക്കളിൽ നിന്ന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന ര് പേർക്ക് മഹീന്ദ്ര എക്സ് യു വി 400 കാറുകൾസമ്മാനമായി നൽകും.കൂടാതെ നിരവധി ചെറു സമ്മാനങ്ങളും ഒരുക്കിയിട്ടു്. തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾക്ക് 33% ഇളവും ലഭിക്കും.   സിയാലിന്റെ  പ്രീ ഓർഡർ സൗകര്യം ഉപയോഗപ്പെടുത്തുന്നവർക്ക് 10% അധിക ഇളവും ലഭിക്കും.

# സിഎഐടിയും  മെറ്റയും 'വാട്ട്സ്ആപ്പ് സേ വ്യാപാർ' പങ്കാളിത്തം വിപുലീകരിക്കുന്നു




**കൊച്ചി:** രാജ്യത്തുടനീളമുള്ള ചെറുകിട ബിസിനസുകളെ ശക്തിപ്പെടുത്തുന്നതിനായി, കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സും (ഇഅകഠ) മെറ്റയും വാട്സ്ആപ്പ് ബിസിനസ് ആപ്പിൽ 10 ദശലക്ഷം പ്രാദേശിക വ്യാപാരികളെ ഡിജിറ്റലായി പരിശീലിപ്പിക്കുന്നതിനും നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുമായി തങ്ങളുടെ 'വാട്ട്സ്ആപ്പ് സേ വ്യാപാർ'പ്രോഗ്രാം വിപുലീകരിക്കുന്നു. ബിസിനസുകൾക്ക് ഹൈപ്പർലോക്കൽ ഡിജിറ്റൽ പരിശീലനത്തിലൂടെ വളർച്ചാ അവസരങ്ങൾ തുറന്നുകൊടുക്കുന്നതിന് 29 ഇന്ത്യൻ സംസ്ഥാനങ്ങളിൽ 11 ഇന്ത്യൻ ഭാഷകളിൽ ഡിജിറ്റൈസേഷൻ ശ്രമങ്ങൾ പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കുക എന്നതാണ് ഈ പങ്കാളിത്തത്തിന്റെ ലക്ഷ്യം.

# ടിവിഎസ് ജൂപിറ്റർ ഇസഡ്എക്സ് ഡ്രം പുറത്തിറക്കി



**കൊച്ചി:** ടിവിഎസ് മോട്ടോർ കമ്പനി ടിവിഎസ് സ്മാർട്ട്കണക്ട് സാങ്കേതികവിദ്യയുമായുള്ള പുതിയ ടിവിഎസ് ജൂപിറ്റർ ഇസഡ്എക്സ് ഡ്രം പുറത്തിറക്കി. അത്യാധുനിക കണക്ടഡ് സംവിധാനങ്ങളുമായാണ് എത്തുന്നത്.ബ്ലൂടൂത്ത് കണക്റ്റഡ് ഡിജിറ്റൽ ക്ലസ്റ്ററുമായുള്ള ടിവിഎസ് സ്മാർട്ട്കണക്ടും കൂടുതൽ മെച്ചപ്പെട്ട റൈഡിങ് അനുഭവങ്ങളുമായയാണ്  ടിവിഎസ് ജൂപിറ്റർ ഇസഡ്എക്സ് ഡ്രം വേരിയൻറ് എത്തുന്നത്. സ്മാർട്ട്കണക്ട് സംവിധാനം  വഴി റൈഡർക്ക് ടേൺബൈ ടേൺ നാവിഗേഷൻ, വോയ്സ് അസിസ്റ്റ്, ക്ലസ്റ്ററിൽ കോൾ, എസ്എംഎസ് അലർട്ടുകൾ തുടങ്ങിയ നിരവധി സൗകര്യങ്ങൾ ലഭിക്കും. ഈ അത്യാധുനിക സാങ്കേതികവിദ്യ വഴി റൈഡർക്ക് യാത്രയ്ക്കിടയിലും കണക്ടഡ് ആയിരിക്കുവാൻ സാധിക്കും. അതിലൂടെ സുഗമവും സൗകര്യപ്രദവും സുരക്ഷിതവുമായ യാത്രയും സാധ്യമാകും. ഇതിനുപുറമെ ഈ വേരിയൻറിൽ ഉള്ള ബിൽറ്റ്ഇൻ മൊബൈൽ ചാർജർ ഉപയോഗിച്ച് യാത്രയ്ക്കിടയിലും മൊബൈൽ ചാർജു ചെയ്യാനും കഴിയും. സിയദാ കാ ഫൈദ എന്ന തത്വത്തിൽ ആധുനിക സൗകര്യങ്ങളുള്ള ടിവിഎസ് ജൂപിറ്റർ കൂടുതൽ സുരക്ഷിതത്വവും സൗകര്യവും കണക്ടിവിറ്റിയും ലഭ്യമാക്കുന്നതിനുള്ള പ്രതിബദ്ധതയാണു ചൂിക്കാട്ടുന്നത്. പുതുതായി അവതരിപ്പിച്ച ടിവിഎസ് ജൂപിറ്റർ സ്മാർട്ട്കണക്ട് ഡ്രം വേരിയൻറ് ര് ആകർഷക നിറങ്ങളിൽ സ്റ്റാർലൈറ്റ് ബ്ലൂവും ഒലിവ് ഗോൾഡും 84,468 രൂപയ്ക്ക് ലഭ്യമാണ് (ഡൽഹിയിലെ എക്സ് ഷോറൂം വില).

# മൽസ്യോൽപ്പാദനം വർധിപ്പിക്കൽ; കൃത്രിമപാര് നിക്ഷേപത്തിന് കേന്ദ്രം

**കൊച്ചി:** ഇന്ത്യയിലെ 3477 മത്സ്യഗ്രാമങ്ങളിൽ കടലിൽ കൃത്രിമപാര് (ആർട്ടിഫിഷ്യൽ റീഫ്) നിക്ഷേപിക്കാനുള്ള കേന്ദ്ര സർക്കാറിന്റെ പദ്ധതിക്ക് സാങ്കേതികസഹായമൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഫ്ആർഐ). പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി രാജ്യത്തുടനീളം നടത്തുന്ന ബോധവൽകരണപരിപാടികൾക്ക് കേരളത്തിൽ നിന്ന് തുടക്കമായി. മത്സ്യോൽപാദനം വർധിപ്പിക്കാൻ സഹായകരമാകുന്ന കൃത്രിമപാരുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ ബോധവൽകരണം നടത്തുകയും പാരുകൾ നിക്ഷേപിക്കുന്നതിന് അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കുന്നതിനുമാണിത്.സംസ്ഥാന സർക്കാറുകളുായി സഹകരിച്ച് കേന്ദ്ര ഫിഷറീസ് വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.  സംസ്ഥാനത്ത് പദ്ധതിയുടെ നടത്തിപ്പുകാരായ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷന്റെ സംഘാടനത്തിൽ തിരുവനന്തപുരം ജില്ലയിലെ അഞ്ചിടങ്ങളിൽ ശിൽപശാല നടന്നു.ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്ന സംസ്ഥാനത്തെ 42 ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി പ്രതിനിധികളാണ് ശിൽപശാലകളിൽ പങ്കെടുത്തത്. ചൊവ്വ മുതൽ വെള്ളി വരെ പൂന്തുറ, വെട്ടുകാട്, പെരുമാതുറ, കായിക്കര, വിഴിഞ്ഞം എന്നിവിടങ്ങളിലാണ് ശിൽപശാല നടന്നത്.കേരളത്തിലാകെ 220 മത്സ്യഗ്രാമങ്ങളിലാണ് കൃത്രിമപാര് നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ 42 ഗ്രാമങ്ങളിൽ നടപ്പിലാക്കും.പ്രത്യേക ശാസ്ത്രീയ മാതൃകയിൽ നിർമിക്കുന്നതാണ് കൃത്രിമപാര്. കടലിൽ നിക്ഷേപിക്കുന്ന പാരുകൾ സസ്യജന്തുജാലങ്ങൾ തഴച്ച് വളരാനും മീനുകൾക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ ഒരുക്കാനും വഴിയൊരുക്കും. കേന്ദ്രസർക്കാറിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയുടെ കീഴിലാണ് പദ്ധതി. ചിലവിന്റെ 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാന സർക്കാറുകളും വഹിക്കും. മത്സ്യത്തൊഴിലാളികൾക്ക് പരിശീലനവും സാങ്കേതികനിർദേശം നൽകാനുമുള്ള ചുമതല സിഎംഎഫ്ആർഐക്കാണ്.നിലവിൽ, കേരളത്തിലുൾപ്പെടെ 132 ഇടങ്ങിലായി 37 ലക്ഷം ചതുരശ്രമീറ്ററിൽ രാജ്യത്താകെ സിഎംഎഫ്ആർഐയയുടെ മേൽനോട്ടത്തിൽ കൃത്രിമപാരുകൾ നി



ക്ഷേപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ 17 മുതൽ 30 ശതമാനം വരെ മത്സ്യോൽപാദനം കൂട്ടാൻ ഇതുവഴി സാധിച്ചതായാണ് സിഎംഎഫ്ആർഐയുടെ കണ്ടെത്തൽ.സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ കൃത്രിമപാരുകൾ നിക്ഷേപിച്ചത് വൻവിജയമായതോടെയാണ് രാജ്യത്തുടനീളം ഈ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര ഫിഷറീസ് മന്ത്രാലയം തീരുമാനിച്ചത്.പാരുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലനിർണയം, ഇവയുടെ മാതൃക, നിർമാണം, പാര് നിക്ഷേപം, ആഘാതപഠനം എന്നിവക്കുള്ള പ്രോട്ടോകോൾ സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ടെന്ന് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.  മത്സ്യ ആവാസകേന്ദ്രങ്ങളെ പുനരുജ്ജീവിപ്പിക്കാൻ ഈ സാങ്കേതികവിദ്യ സഹായിക്കും. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇത് കൂടുതൽ പ്രയോജനപ്പെടും.കടലിൽ നന്നായി ഇണങ്ങിച്ചേർന്ന കൃത്രിമപാരുകളിൽ മുന്നൂറിലധികം മത്സ്യയിനങ്ങൾ വന്നുചേരുമെന്ന് 15 വർഷത്തോളമായി ഈ മേഖലയിൽ പഠനം നടത്തിവരുന്ന സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ജോ കെ കിഴക്കൂടൻ പറഞ്ഞു.  ഡോ ജോ കിഴക്കൂടന്റെ നേതൃത്തിലാണ് രാജ്യവ്യാപകമായ മത്സ്യത്തൊഴിലാളി ബോധവൽകരണപരിപാടികൾ നടക്കുന്നത്. ഈ മാസം അവസാനത്തോടെ ഇന്ത്യയിലെ എല്ലാ തീരദേശസംസ്ഥാനങ്ങളിലും ബോധവൽകരണ ശിൽപാശാലകൾ പൂർത്തീകരിക്കും.

## നെഹ്റു ട്രോഫി: നിറച്ചാർത്ത് മത്സരങ്ങൾ ഇന്ന്

**ആലപ്പുഴ** നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗമായി പബ്ലിസിറ്റി കമ്മിറ്റി വിദ്യാർഥികൾക്കായി നടത്തുന്ന 'നിറച്ചാർത്ത്' മത്സരങ്ങൾ ഇന്ന് രാവിലെ 9.30ന് ആലപ്പുഴ സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. ഉദ്ഘാടനം പി.പി.ചിത്തരഞ്ജൻ എം.എൽ.എ നിർവഹിക്കും. എൽ.പി. സ്കൂൾ വിദ്യാർഥികൾക്ക് കളറിംഗ് മത്സരവും യു.പി, ഹൈസ്കൂൾ വിദ്യാർഥികൾക്ക് ചിത്രരചന(പെയിന്റിംഗ്) മത്സരവുമാണ് നടത്തുക. ക്രയോൺ, പേസ്റ്റൽസ്, ജലച്ചായം, പോസ്റ്റർ കളർ എന്നിങ്ങനെ ഏതു മാധ്യമവും ഉപയോഗിക്കാം. ഓയിൽ പെയിന്റ് ഉപയോഗിക്കാൻ പാടില്ല. എല്ലാ വിഭാഗത്തിലും ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്നവർക്ക് സർട്ടിഫിക്കറ്റും ട്രോഫിയും നൽകും.കളറിംഗ് മത്സരത്തിൽ ജില്ലയിലെ എൽ.പി. സ്കൂൾ വിദ്യാർഥികൾക്ക് പങ്കെടുക്കാം. നിറം നൽകാനുള്ള രേഖാചിത്രം സംഘാടകർ നൽകും. മറ്റ് സാമഗ്രികൾ മത്സരാർഥികൾ കൊണ്ടുവരണം. ഒന്നര മണിക്കൂറാണ് മത്സര സമയം. ചിത്രരചന (പെയിന്റിംഗ്) മത്സരത്തിൽ ജില്ലയിലെ യു.പി, ഹൈസ്കൂൾ വിദ്യാർഥികൾക്ക് പങ്കെടുക്കാം. വരയ്ക്കാനുള്ള പേപ്പർ സംഘാടകർ നൽകും. മറ്റ് സാമഗ്രികൾ മത്സരാർഥികൾ കൊണ്ടുവരണം. രണ്ടു മണിക്കൂറാണ് മത്സരസമയം. സമ്മാനം സ്വീകരിക്കാനെത്തുമ്പോൾ വിദ്യാർത്ഥിയാണെന്നുള്ള സ്കൂൾ അധികാരിയുടെ സാക്ഷ്യപത്രമോ ഐഡന്റിറ്റി കാർഡോ ഹാജരാക്കണം. ഫോൺ: 04772251349.

# 'റെനോ അനുഭവ ദിനങ്ങൾ' കേരളത്തിൽ പ്രചാരണവുമായി റെനോ  ഇന്ത്യ



**കൊച്ചി:**  യൂറോപ്യൻ കാർ ബ്രാൻഡായ റെനോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (ആർ ഐ പി എൽ) 'റെനോ അനുഭവ ദിനങ്ങൾ' എന്ന പേരിൽ പ്രചാരണ പരിപാടി കേരളത്തിൽ ആരംഭിക്കുന്നതായി റെനോ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡിന്റെ (ആർ ഐ പി എൽ) സെയിൽസ് മാർക്കറ്റിങ്ങ് വൈസ് പ്രസിഡന്റായ സുധീർ മൽഹോത്ര പറഞ്ഞു. സംരംഭത്തിന്റെ ഭാഗമായി ചലിക്കുന്ന ഷോറൂം', 'ചലിക്കുന്ന വർക്ഷോപ്പ്' എന്നിവയണ്  റെനോ നൽകുന്നത്: ' കേരളത്തിലുടനീളമുള്ള  36 ഇടങ്ങളിൽ നടക്കുന്ന  പ്രചാരണം സംസ്ഥാനത്ത് ഉപഭോക്താക്കളിൽ ശ്രദ്ധ ഊന്നുകയും നവീനതകൾ കണ്ടെത്താനുമുള്ള റെനോയുടെ പ്രതിബദ്ധതയാണ് എടുത്തുകാട്ടുന്നതെന്നും അദ്ദേഹം പറഞ്ഞു.ഷോറൂം അനുഭവം ഉപഭോക്താക്കളുടെ വീട്ടുപടിക്കലേക്ക് നേരിട്ട് എത്തിക്കുകയാണ് 'ചലിക്കുന്ന ഷോറൂമുകൾ' ചെയ്യുന്നത്. അതോടൊപ്പം 'ചലിക്കുന്ന വർക്ഷോപ്പ്'ലൂടെ സൗകര്യപ്രദവും ഫലപ്രദവുമായ വാഹന പരിപാലനവും വീട്ടുപടിക്കൽ എത്തിക്കുന്നു. ഇതിലൂടെ കേരളത്തിലെ ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്തതും ആഹ്ലാദകരവുമായ അനുഭവം സൃഷ്ടിക്കുക എന്നുള്ളതാണ് റെനോയുടെ ലക്ഷ്യം. ഇതോടൊപ്പം തന്നെ 'റെനോ അനുഭവ ദിനങ്ങൾ' ഓൺ ദി സ്പോട്ട് ടെസ്റ്റ് ഡ്രൈവ്, ബുക്കിങ്ങ്, കാർ ഫിനാൻസ് എന്നിങ്ങനെയുള്ള സേവനങ്ങളും കേരളത്തിലെ 36 ഇടങ്ങളിൽ എത്തിക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് അത് ഒരു വൺ സ്റ്റോപ്പ് പരിഹാരമായി മാറുമെന്നും അദ്ദേഹം പറഞ്ഞു.'ചലിക്കുന്ന വർക്ഷോപ്പ്' കേരളത്തിലെ റെനോ ഉപഭോക്താക്കൾക്ക് പരിധികളും തടസ്സവുമില്ലാത്ത കാർ സേവന പരിഹാരങ്ങൾ നൽകുന്നു. ഈ വർക്ക്ഷോപ്പുകൾ സമാനതകൾ ഇല്ലാത്ത സൗകര്യവും ഫലവത്തതയുമാണ് നൽകുക. അത് സംസ്ഥാനത്തെ നിലവിലുള്ള സേവന ശൃംഖലയെ കൂടുതൽ കരുത്തുറ്റതാക്കുമെന്നും അദ്ദേഹം പറഞ്ഞു.റെനോയുടെ ഷോറൂമുകളുടെ ചലിക്കുന്ന ഒരു അനുബന്ധമായാണ് 'ചലിക്കുന്ന ഷോറൂം' പ്രവർത്തിക്കുക. ഏറ്റവും പുതിയ റെനോ വാഹനങ്ങളെ അടുത്തു നിന്ന് കാണുവാനും അനുഭവിക്കുവാനും ഉപഭോക്താക്കൾക്ക് ഇത് അവസരം നൽകുന്നു. വിശദമായ വിവരങ്ങൾ ലഭ്യമാക്കുവാനും വിവരങ്ങൾ അറിഞ്ഞു കൊണ്ടുള്ള തീരുമാനങ്ങൾ എടുക്കുവാൻ ഉപഭോക്താക്കളെ സഹായിക്കാനും വിദഗ്ധരായ സെയിത്സ് ജീവനക്കാർ ചലിക്കുന്ന ഷോറൂമുകളിൽ ഉണ്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

LiVa®

'Diamonds are forever'

MODULAR INTERIORS TOO!

www.livainteriors.com




THE EVERLASTING MODULAR INTERIORS

SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS

TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | CERTIFIED ISO 9001 | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com